25 years

Kandanad

Diocesan BULLETIN

A PUBLICATION OFTHE KANDANAD EAST DIOCESE OFTHE MALANKARA ORTHODOX SYRIAN CHURCH

Vol. 7 No. 1-2, 15 January & February 2019

എഡിറ്റോറിയൽ

സരോഗസി (Surrogacy)

ശാസ്ത്രം (Science) എന്നാൽ 'വ്യവസ്ഥാപിതമാക്കപ്പെട്ട അറിവ്' (Systematized Knowledge) ആണ്. പ്രപഞ്ച രഹസ്യങ്ങൾ തേടുക മനുഷ്യന് നൈസ്സർഗ്ഗീകമാണ്. അങ്ങനെ തേടിപ്പിടിച്ച് ക്രമപ്പെടുത്തിയ വിവരങ്ങളുടെ (information) സമാഹാരമാണ് ശാസ്ത്രം. അറിവ് വർദ്ധിച്ചതനുസരിച്ച് ശാസ്ത്രം വളരുകയും അതിന് പുതിയ മുഖങ്ങളും തലങ്ങളും രൂപപ്പെടുകയും ചെയ്തു. അങ്ങനെ ശാസ്ത്രത്തിന് അനേകം ശാഖകളും സങ്കേതങ്ങളുമുണ്ടായി. ആ വളർച്ച ഇന്നും തുടർന്ന് വരുന്നു, കൂടുതൽ വേഗത്തിലും പരപ്പിലും ആഴത്തിലും.

ഭൂമിയിൽ വർദ്ധിച്ചു വ്യാപിക്കുന്നതിനാണ് മനുഷ്യനോടുള്ള ദൈവനിർദ്ദേശം. എങ്കിലും വന്ധ്യത്വം (infertility) മനുഷ്യസമൂഹത്തിന്റെ ആരംഭകാലം മുതൽ ഉണ്ടെന്നുവേണം ഊഹിക്കാൻ. വേദപുസ്തകത്തിൽ അനപത്യരായ ദമ്പതികളെക്കുറിച്ച് പരാമർശമുണ്ട്. അവരിൽ ചിലർക്ക് ഈശ്വരപ്രീതി നിമിത്തം സന്താനങ്ങൾ പിറന്നതായും കാണുന്നു. ദൈവകോപമാണ് വന്ധ്യതയ്ക്ക് കാരണമെന്നതാണ് കരുതിപ്പോന്നത്. വിജ്ഞാനകുതുകിയായ മനുഷ്യൻ ഈ രംഗത്തും അന്വേഷണം വ്യാപിപ്പിച്ചു. അതിന്റെ ഫലമായി വന്ധ്യതയുടെ യഥാർത്ഥ കാരണങ്ങൾ കണ്ടുപിടിക്കപ്പെട്ടു. കാരണങ്ങൾ തിരിച്ചറിഞ്ഞാൽ പരിഹാരം എളുപ്പമാണല്ലോ. കാരണങ്ങൾ പലതായതുകൊണ്ട് പരിഹാരമാർഗ്ഗങ്ങളും ഭിന്നമാണ്. അടുത്ത കാലത്താണ് ഈ വിഷയത്തിൽ നൂതന സങ്കേതങ്ങൾ കണ്ടെത്തിയത്. ഇന്ന് വന്ധ്യതയ്ക്ക് അതിന്റെ കാരണമനുസരിച്ച് മരുന്നുപ്രയോഗം (medication) മുതൽ കൃത്രിമഭ്രൂണാധാനം വരെയുള്ള വിവിധങ്ങളായ മാർഗ്ഗങ്ങൾ പ്രയോഗത്തിലുണ്ട്. ഗവേഷണങ്ങൾ തുടരുന്നു. ഈ രംഗത്തെ ശാസ്ത്രീയമുന്നേറ്റങ്ങളുടെ നാൾ വഴിയിൽ 1978 ൽ ഇൻഡ്യയിൽ ആദ്യമായി ഒരു ടെസ്റ്റ് റ്റ്യൂബ് ശിശു (Test Tube Baby) വിന്റെ ജന്മത്തിന് വഴിയൊരുക്കിയ സുബാഷ് മുഖോപാദ്യായ എന്ന ശാസ്ത്രജ്ഞന് ആത്മഹത്യ ചെയ്യേണ്ടിവന്ന ദുരന്തം വരെ സംഭവിച്ചിട്ടുണ്ട്. 1977-ൽ ആണ് ലോകത്ത് ആദ്യമായി ഒരു ടെസ്റ്റ് റ്റ്യൂബ് ശിശുവിന്റെ സൃഷ്ടി നടന്നതെന്ന കാര്യം ഇതോടു ചേർത്തുമനസ്സിലാക്കുമ്പോഴാണ് അദ്ദേഹത്തിന്റെ വിലയും മരണംമൂലമുണ്ടായ നഷ്ടവും നമുക്ക് ബോധ്യമാവുക. 1978-നു ശേഷം 80 ലക്ഷത്തിലേറെ ടെസ്റ്റ് റ്റ്യൂബു ശിശുക്കൾ ലോകത്തുപിറന്നിട്ടുണ്ടെന്നാണ് കണക്ക്. ഇന്നിപ്പോൾ designed babies ന് ജന്മം കൊടുക്കാനുള്ള സാങ്കേതിക വിദ്യവരെ മനുഷ്യൻ കണ്ടുപിടിച്ചിരിക്കുന്നു. അതായത് പിറക്കാൻ പോകുന്ന ശിശുവിന്റെ ബുദ്ധിശക്തി, രൂപലാവണ്യം, രോഗപ്രതിരോധശേഷി, ഓർമ്മശക്തി മുതലായവ മുൻകൂട്ടി നിർണ്ണയിച്ച് നിയന്ത്രിച്ച് സൃഷ്ടികർമ്മം നടത്താമെന്നുസാരം. ചൈനക്കാരനായ ഹിജാൻക്വി (He Jankui) എന്ന ജൈവ ഊർജ്ജതന്ത്രജ്ഞൻ (Bio-Physicist) അത്തരത്തിലുള്ള രണ്ടു ശിശുക്കളെ (Lulu & Nana) സൃഷ്ടിച്ചതായി അവകാശപ്പെടുന്നു. Gene editing എന്ന സാങ്കേതികവിദ്യയാണ് ഇതിനൊക്കെ

EDITORIAL BOARD

President
H. G. Dr. Thomas Mar Athanasius
Metropolitan

Chief Editor
Fr. Abraham Karammel

Mg.Editor
Mr. P. J. Varghese

Associate Editors
Fr. Kochuparambil Geevarghese Ramban
Fr. Aby Ulahannan

Members
Fr. Marydas Stephen
Fr. Alias Kuttiparichel
Fr. Shibu Kurian
Prof. Dr. M. P. Mathai
Mr. A. G. James
Mrs. Jiji Johnson

www.kandanadeast.org

ഉള്ളടക്കം

പേജ്

എഡിറ്റോറിയൽ
സറോഗസി (Surrogacy) 1

നിയമവാഴ്ചയ്ക്ക് ഭീഷണി ഉയരുന്നു 3
ഡോ. തോമസ് മാർ അത്താനാസ്യോസ്

അൽവാറീസ് മാർ യൂലിയോസ് മെത്രാപ്പോലീത്ത മലങ്കരയുടെ പൊൻതാരകം 6
ഡോ. അജേഷ് റ്റി. ഫിലിപ്പ്

ഇത് നീതികേട് 9
അരുൺ പി. ജോൺ, പെരിയാമ്പ്ര

പരിഭ്രമിക്കാതെ ജീവിക്കുവാൻ പഠിക്കുക 10
ഡോ. തോമസ് മാർ അത്താനാസ്യോസ്

മഴ 12
ജോയി മേക്കോട്ടിൽ

മലങ്കര സഭാതർക്കം സംബന്ധിച്ച് കേരളത്തിലെ പൊതുസമൂഹം അറിഞ്ഞിരിക്കേണ്ട ചില സത്യങ്ങൾ 13

വാർത്തകൾ-അറിയിപ്പുകൾ 15-16

ഉപയോഗപ്പെടുത്തുന്നത് (സ്വഭാവ വാഹികളായ കണികകളാണ് genes). ദൈവിക പദ്ധതിയിൽ മനുഷ്യൻ ഈ വിധം ഇടപെടുന്നതിൽ അസഹിഷ്ണുതയും എതിർപ്പും ഉള്ള മതനേതാക്കളും ധാർമ്മികവാദികളുമുണ്ട്. മനുഷ്യന്റെ ഇത്തരം നേട്ടങ്ങളിൽ ജഗദീശ്വരൻ സന്തോഷിക്കുകയും അവനെ അനുമോദിക്കുകയും ചെയ്യുന്നു എന്ന ധനാത്മക ചിന്ത (positive thinking) ആണ് യുക്തി സഹമെന്നുതോന്നുന്നു. മക്കളുടെ നേട്ടങ്ങളിലാണല്ലോ മാതാപിതാക്കൾ ഏറ്റവും അധികം ആഹ്ലാദിക്കാറുള്ളത്.

ഏതൊരുവസ്തുവിനെയും നേട്ടത്തെയും നമുക്ക് ദുരുപയോഗം ചെയ്യാനും കഴിയുമല്ലോ. കണ്ടുപിടുത്തങ്ങളെ ദുരുപയോഗപ്പെടുത്തുന്നതിന് ധാരാളം ഉദാഹരണങ്ങൾ നമുക്കറിയാം. സറോഗസി (surrogacy) എന്താണെന്ന് നിങ്ങളിൽ അധികം പേരും മനസ്സിലാക്കിയിട്ടുണ്ട്. ഗർഭാശയം(uterus) കടമെടുക്കുകയോ, വാടകയ്ക്കെടുക്കുകയൊ ചെയ്യുന്ന പ്രക്രിയയാണിത്. ഗർഭ പാത്രം ഭ്രൂണവളർച്ചക്ക് ഉപകരിക്കാത്ത സ്ത്രീകൾക്ക് ഗർഭം ധരിച്ച് പ്രസവിക്കാനാവില്ലല്ലോ. അപ്രകാരമുള്ള ദമ്പതികളുടെ ബീജാണ്ഡങ്ങൾ ശരീരത്തിനു വെളിയിൽ അനുകൂലസാഹചര്യത്തിൽ സങ്കലിപ്പിച്ച് ഭ്രൂണം സൃഷ്ടിക്കുവാൻ ഇന്നു സാധിക്കും. ഇത്തരം ഭ്രൂണത്തെ ആരോഗ്യവതിയായ മറ്റൊരു സ്ത്രീയുടെ ഗർഭപാത്രത്തിൽ നിക്ഷേപിച്ച് ശിശുവായി വളർത്തുവാനും കാലത്തികവിൽ പിറവി നൽകാനും കഴിയും. പ്രസവാനന്തരം ദമ്പതികൾക്ക് അവരുടെ കുഞ്ഞിനെ ഏറ്റുവാങ്ങാം. ഈ സംമ്പ്രദായമാണ് surrogacy. ഇതിന് ഗർഭപാത്രം വിട്ടുകൊടുക്കുന്ന സത്രീയെ Surrogate Mother എന്നു വിളിക്കാം. ഗർഭാശയം പ്രവർത്തനക്ഷമമല്ലാത്ത ഭാര്യക്കും അയാളുടെ ഭർത്താവിനും ഇത് വലിയ നേട്ടവും സന്തോഷവുമാണ്. അങ്ങനെ സറോഗസി അനപത്യകുടുംബങ്ങൾക്ക് ഇന്ന് മഹാസാഫല്യമായിത്തീർന്നിരിക്കുന്നു. എന്നാൽ ചിലർ, പ്രത്യേകിച്ചും ധനികദമ്പതികൾ ഇതിനെ ദുരുപയോഗപ്പെടുത്തുന്നുമുണ്ട്. ഗർഭധാരണക്ലേശങ്ങൾ, സൗന്ദര്യ ഹാനി, സമയ നഷ്ടം മുതലായവ ഒഴിവാക്കുവാൻ വേണ്ടി അവർ സറോഗസി ഇഷ്ടപ്പെടുന്നു. ധാരാളം പേർ ഇതിനു താല്പര്യപ്പെടുമ്പോൾ ഇതിന്റെ ഡിമാണ്ട് വർദ്ധിക്കുകയും ഇതൊരു വ്യവസായമായി വളരുകയും ചെയ്യും. ഇടനിലക്കാർ രംഗപ്രവേശം ചെയ്യുകകൂടി ചെയ്യുമ്പോൾ ബിസിനസ് പൊടിപൊടിക്കും. സമ്പന്ന രാഷ്ട്രങ്ങളിൽ നിന്ന് ദമ്പതികൾ ഗർഭപാത്രം വാടകക്കെടുക്കാനായി ദരിദ്രരാജ്യങ്ങളിലെത്തുന്നു. ഇൻഡ്യയിൽ ഇത്തരക്കാരുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ട്. ഇതൊരു വരുമാനമാർഗ്ഗമാണെങ്കിൽ തന്നെയും തുടരെയുള്ള ഈ വിധത്തിലുള്ള സേവനം ഇത്തരം അമ്മമാരുടെ ആരോഗ്യത്തെ മോശമാക്കുകയും അവരിൽ രോഗബാധയുണ്ടാക്കുകയും

(ശേഷം 11-ാം പേജിൽ)

മെത്രാപ്പോലീത്തായുടെ കത്ത്

നിയമവാഴ്ചയ്ക്ക് ഭീഷണി ഉയരുന്നു

ജനാധിപത്യഭരണക്രമം ഫലപ്രദമായി പ്രവർത്തിക്കണമെങ്കിൽ നിയമങ്ങൾ ആദരിക്കപ്പെടുകയും അനുസരിക്കപ്പെടുകയും ചെയ്യേണ്ടതുണ്ട്. നിയമങ്ങൾ ധിക്കരിച്ചോ, അവഗണിച്ചോ, വ്യക്തി സമൂഹങ്ങൾ നീങ്ങുന്ന സാഹചര്യത്തിൽ നീതിക്ക് നിലനിൽപ്പില്ലാതാകുന്നു. ഈ വസ്തുത സമകാലീന സമൂഹത്തിൽ മത, രാഷ്ട്രീയ പ്രസ്ഥാനങ്ങളും വ്യക്തികളും വിസ്മരിക്കുന്നതായി അനുഭവപ്പെടുന്നു. ശബരിമല സന്നിധാനത്തിലെ യുവതി പ്രവേശനം സുപ്രീം കോടതി അനുവദിക്കുകയും സർക്കാർ അതു നടപ്പിലാക്കുവാൻ ശ്രമിക്കുകയും ചെയ്തപ്പോൾ മതനിരപേക്ഷതയിൽ വിശ്വസിക്കുന്നു എന്നു പറയുന്ന പ്രതിപക്ഷ പാർട്ടികളും യാഥാസ്ഥിതിക മത വിശ്വാസികളും ചേർന്ന് കോടതിവിധികളും സർക്കാർ നടപടിക്കുമെതിരെ പ്രതിരോധം സൃഷ്ടിക്കുകയായിരുന്നു. അതേ സമയം മലങ്കരസഭയിലെ തർക്കം സംബന്ധിച്ച് ഒരു നൂറ്റാണ്ടിലേറെ നീണ്ട വ്യവഹാര പരമ്പരയ്ക്ക് സുപ്രീം കോടതി വിധിയിലൂടെ അന്ത്യം കണ്ടപ്പോൾ ആ വിധി നടപ്പിലാക്കി തർക്കത്തിന് പരിഹാരമുണ്ടാക്കുവാൻ സർക്കാർ യാതൊരു താത്പര്യവും പ്രകടിപ്പിക്കുന്നില്ല. മാത്രമല്ല, അതു നടപ്പിലാകാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. നീതിന്യായക്കോടതിയെയും അതിന്റെ വിധികളെയും പരിഹസിക്കുവാനും അവഹേളിക്കുവാനും എറണാകുളത്തു ചേർന്ന യാക്കോബായ സഭയുടെ യോഗത്തിൽ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ജില്ലാ നേതാക്കൾ പങ്കെടുത്തു എന്നത് സർക്കാരിന്റെ ഈ സമീപനം സാധൂകരിക്കുന്നതായിരുന്നു. പിറവം പള്ളിക്കേസിലുള്ള സുപ്രീം കോടതി വിധി നടപ്പാക്കാതിരിക്കുന്നതിന് സഹായകമായ സത്യവാങ്മൂലമാണ് ഈ പാർട്ടി നേതൃത്വം നൽകുന്ന കേരള സർക്കാരിന്റെ പക്ഷത്തുനിന്ന് കോടതിയിൽ സമർപ്പിച്ചിട്ടുള്ളത്. അതായത് ശബരിമല വിഷയത്തിൽ ലിംഗ വിവേചനത്തിനും യാഥാസ്ഥിതിക നിലപാടിനുമെതിരെയുള്ള സുപ്രീം കോടതിവിധി നടപ്പിലാക്കാൻ വ്യഗ്രത കാണിക്കുന്ന സർക്കാർ മലങ്കര സഭാകാര്യത്തിൽ അതേ കോടതിയുടെ വിധി ഏതുവിധേനയും നടപ്പിലാകാതിരിക്കുവാൻ പണിപ്പെടുന്നു. സർക്കാരിന്റെ ഇരട്ടത്താപ്പ് വെറും രാഷ്ട്രീയ നേട്ടം മാത്രം ലക്ഷ്യം വച്ചുള്ളതാണെന്ന് ആർക്കാണ് മനസ്സിലാകാത്തത്? തത്വാധിഷ്ഠിതമല്ലാത്ത-രാഷ്ട്രീയനേട്ടം മാത്രം ലാക്കാക്കിയുള്ള-അവസരവാദപരമായ നിലപാടാണിത്. അതായത് തങ്ങൾക്ക് രാഷ്ട്രീയ നഷ്ടമാണ് വരുത്തുക എന്നു ശങ്ക തോന്നുന്നവ തന്ത്രപൂർവ്വം നടപ്പിലാക്കാതെ സർക്കാർ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ടുതന്നെ ഒഴപ്പുന്നു. ഇവിടെ സർക്കാരിന്റെ രാഷ്ട്രീയ സത്യസന്ധതയും, നിയമ വ്യവസ്ഥയോടുള്ള ആദരവും പരസ്യമായി വിചാരണചെയ്യപ്പെടുന്നു. സർക്കാരിന്റെ ഈ ഇരട്ടമുഖം നിയമവ്യവസ്ഥയോട് സമൂഹത്തിൽ അനാദരവു വളർത്തുവാൻ മാത്രമേ ഉതകുകയുള്ളൂ. യാക്കോബായ പക്ഷം പരസ്യമായിത്തന്നെ ഇൻഡ്യൻ ജുഡീഷ്യറിയെയും ന്യായാധിപന്മാരെയും അവഹേളിച്ചുകൊണ്ട് പ്രകടനങ്ങളും പ്രസ്താവനകളും നടത്തുന്നത് സർക്കാരിന്റെ ഇത്തരം സമീപനത്തിന്റെ തണലിലാണ്. ഒരു ശതാബ്ദത്തിലധികമായി തർക്കങ്ങൾ നിലവിലിരുന്ന സഭയിൽ പരമോന്നത കോടതി വിധിയിലൂടെ പരിഹാരം ഉണ്ടാക്കുവാൻ ശ്രമിക്കുന്നതിന് പകരം വിധിക്കെതിരെ സർക്കാർ സംവിധാനങ്ങൾ ദുരുപയോഗപ്പെടുത്തി അരാജകത്വവും നീതി നിഷേധവും സൃഷ്ടിക്കുകയാണിവിടെ ചെയ്യുന്നത്.

കോടതി നൽകുന്ന വിധി ത്തീർപ്പുകൾ വിശ്വസ്തതയോടെ നടപ്പിലാക്കുന്നതിന് പകരം അവയെ ധിക്കരിക്കുന്നതിനും അട്ടിമറിക്കുന്നതിനും ജനാധിപത്യത്തിൽ വ്യക്തികൾക്കൊ, രാഷ്ട്രീയ പാർട്ടികൾക്കൊ, സമുദായങ്ങൾക്കൊ, സർക്കാരിനൊ അധികാരമില്ല എന്ന കാര്യം ജനം തിരിച്ചറിയേണ്ടതാണ്. നീതിപീഠത്തിന്റെ ഉത്തരവുകളെ നടപ്പിലാക്കാനല്ലാതെ ധിക്കരിക്കുവാനുള്ള സ്വാതന്ത്ര്യാവകാശങ്ങൾ ഭരണഘടനയും ജനാധിപത്യ ഭരണക്രമവും വിഭാവനം ചെയ്യുന്നില്ല. വിധികളും നിയമങ്ങളും ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള ഉത്തരവാദിത്തമാണ് ഭരണകൂടത്തിൽ അർപ്പിതമായിരിക്കുന്നത്. അവ പാലിക്കുവാനുള്ള ബാധ്യത പൗരസമൂഹത്തിനുമുണ്ട്. കോടതി വിധികളും നിയമങ്ങളും എങ്ങനെ ഫലപ്രദമായി നടപ്പിലാക്കാമെന്നതാണ് ചിന്തിക്കേണ്ടത്. ജനാധിപത്യത്തിൽ വിധി നടപ്പിലാക്കണമോ വേണ്ടയോ എന്ന തർക്കത്തിനു സ്ഥാനമില്ല. കാരണം എല്ലാ വിധികളും നിയമങ്ങളും നടപ്പിലാക്കപ്പെടേണ്ടവ തന്നെയാണ്. വിധി നടത്തിപ്പിനുള്ള വിവേചനാധികാരം ഭരണകൂടം രാഷ്ട്രീയ ലക്ഷ്യത്തോടെ പ്രയോഗിക്കുന്നതിന് നീതീകരണമില്ല. ഇതു നടന്നാൽ രാജ്യത്തെ നിയമവാഴ്ച തകരും. ഈ വിഷയം പൊതു

സമൂഹം ശ്രദ്ധാപൂർവ്വം ചർച്ച ചെയ്യുകയും മനസ്സിലാക്കുകയും ചെയ്യേണ്ടതാണ്. അവസരം പോലെ കൊള്ളാവുന്നവയും തള്ളാവുന്നവയുമല്ല കോടതി വിധികളും രാജ്യനിയമങ്ങളും. നിയമ വാഴ്ചക്കെതിരെ ഭരണകൂടം തന്നെ നിലപാടെടുത്താൽ ഭാവി ഭയാനകം എന്നേ പറയേണ്ടൂ. ഈ സാഹചര്യത്തിൽ ഇവിടുത്തെ ജനാധിപത്യത്തിന്റെ ഭാവിയെപ്പറ്റി ഉത്കണ്ഠ ഉണ്ടാവുക സ്വാഭാവികമാണ്.

എന്താണ് നിയമം? എന്താണ് നിയമവാഴ്ച? ഈ ചോദ്യങ്ങൾ പ്രാഥമീകമായി ഉത്തരം തേടേണ്ടവയാണെന്നു തോന്നുന്നു. ഇൻഡ്യൻ ഭരണഘടന, ഇവിടെ നിർമ്മിക്കപ്പെട്ടവയും നിർമ്മിക്കപ്പെടുന്നവയുമായ എല്ലാ നിയമങ്ങളുടെയും അടിസ്ഥാന രേഖയാണ്. എന്നാൽ ഭരണഘടന നൽകുന്ന നിയമങ്ങൾക്ക് പുറമെ ആവശ്യാനുസരണം, ഭരണഘടനാ തത്വങ്ങൾക്ക് വിപരീതമല്ലാത്ത പുതിയ നിയമങ്ങൾ നിർമ്മിക്കുവാൻ നമുക്ക് പാർലമെന്റും സംസ്ഥാന അസംബ്ലികളുമുണ്ട്. ഭരണഘടന അനുശാസിക്കുന്നവയും, നിയമ നിർമ്മാണ സഭകൾ ക്രോഡീകരിക്കുന്നതുമായ നിയമങ്ങൾക്കു പുറമെ നീതിന്യായക്കോടതികൾ പുറപ്പെടുവിക്കുന്ന ഉത്തരവുകളും-അവ തിരുത്തപ്പെടാത്തിടത്തോളം കാലം-നിയമങ്ങൾ തന്നെയാണ്. തർക്കങ്ങൾ ഉണ്ടാകുമ്പോൾ ഭരണഘടനാ വകുപ്പുകളുടെ വെളിച്ചത്തിൽ തെളിവുകൾ, മാനദണ്ഡങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ കോടതികൾ വിധികൾ പുറപ്പെടുവിക്കുന്നു. നിലവിലുള്ള നിയമങ്ങളെ വ്യാഖ്യാനിച്ച് ഇപ്രകാരം കോടതികൾ പ്രഖ്യാപിക്കുന്ന വിധികളും നിയമങ്ങളുടെ ശക്തിയുള്ളവയാണ്. ഇത്തരം വിധികൾ എഴുതപ്പെടുന്നത് കക്ഷികളുടെ സംഖ്യാബലം, സ്ഥാനം, ധനസ്ഥിതി, സ്വാധീനശക്തി, സംഘടനാബലം, പ്രഹരശേഷി മുതലായവയുടെയൊന്നും അടിസ്ഥാനത്തിലല്ല. നിയമം, തെളിവ്, നീതി, ശരി, നന്മ, ധർമ്മം, എന്നിവയെല്ലാം പരിഗണിച്ചാണ്. അതുകൊണ്ട് അവ നടപ്പിലാക്കുക പിന്തുണക്കുന്നവരെയും എണ്ണം, അവർ നടത്തുന്ന പ്രകടനങ്ങൾ, ഉയർത്തുന്ന മുദ്രാവാക്യങ്ങൾ, നിയമലംഘനം, പൊതുമുതൽ നശിപ്പിക്കൽ, തീ വെപ്പ്, കൊലപാതകങ്ങൾ ഇവയൊന്നും ആസ്പദമാക്കിയായിരിക്കരുത്. അപ്പോഴാണ് നിയമം നിയമത്തിന്റെ വഴിക്കു നീങ്ങുക. ഇതിന് സഹകരിക്കുക രാജ്യത്തിലെ എല്ലാ വ്യക്തികളുടെയും, സമൂഹങ്ങളുടെയും, സമുദായങ്ങളുടെയും, പ്രസ്ഥാനങ്ങളുടെയും ചുമതലയാണ്.

നിയമനിർമ്മാണത്തിന്റെ അടിസ്ഥാന ലക്ഷ്യം ഭൂരിപക്ഷ നിലപാട് സാധൂകരിക്കയല്ല; നീതിയുടെ സംസ്ഥാപനമാണ്. അമേരിക്കയിൽ കറുത്ത വർഗ്ഗക്കാർക്ക് രാഷ്ട്രീയ അവകാശങ്ങൾ സിദ്ധിച്ചത് അവർക്ക് ഭൂരിപക്ഷമുണ്ടായിരുന്നതുകൊണ്ടല്ല. സമൂഹത്തിൽ നീതിപുലരുന്നതിനുവേണ്ടിയാണ്. നിറത്തിന്റെയും രൂപത്തിന്റെയും പേരിലുള്ള വിവേചനം അടിസ്ഥാന നീതിയെ നിഷേധിക്കുന്നു എന്ന മാനദണ്ഡത്തിന്റെ പ്രബലപ്പെടലായിരുന്നു ആ നിയമത്തിന്റെ അടിസ്ഥാനം. ഇൻഡ്യ ഒരു മതേതര (secular) രാജ്യമായത് ഇവിടുത്തെ ഭൂരിപക്ഷ മതത്തിന്റെ താത്പര്യാനുസരണമായിരുന്നില്ല. ഭരണഘടനാ ശില്പികൾ ഈ രാജ്യത്ത് നീതിപുലരണമെന്ന് ശഠിച്ചതുകൊണ്ടായിരുന്നു. ഇതേകാരണത്താലാണ് ഭാരതീയ ജനതാ പാർട്ടി വൻ ഭൂരിപക്ഷത്തോടെ ഭരണത്തിൽ വന്നിട്ടും അയോദ്ധ്യയിൽ രാമക്ഷേത്രം ഇതുവരെ യാഥാർത്ഥ്യമാകാത്തത്. അതുപോലെ സമൂഹത്തിലെ ന്യൂനപക്ഷ-ദുർബ്ബല സമൂഹങ്ങൾക്ക് നീതിയും സംരക്ഷണവും ലഭിക്കുന്നതും അവരുടെ സംഖ്യാബലം കൊണ്ടോ സംഘടിത ശക്തിയാലൊ, വിലപേശൽകൊണ്ടൊ അല്ല. സമൂഹത്തിന്റെ നീതിബോധം കൊണ്ടാണ്. ജാതി ലിംഗമതവ്യത്യാസമില്ലാതെ ജീവിതത്തിന്റെ സമസ്ത മേഖലകളിലും മനുഷ്യന് നീതി ലഭ്യമാക്കുകയാണ് നിയമം കൊണ്ടുലക്ഷ്യമാക്കുന്നത്. ന്യൂന പക്ഷങ്ങൾ, ദുർബ്ബലവിഭാഗങ്ങൾ എന്നിവരുടെ തനിമ, തുല്യത, അവസര സമത്വം എന്നിവയെല്ലാം ഉറപ്പാക്കുന്നത് നിയമ വ്യവസ്ഥകളുടെ സഹായത്തോടെയാണ്. ഭൂരിപക്ഷക്കാർ, സമ്പന്നർ, പ്രഹര-മത്സര ശേഷിയുള്ളവർ എന്നിവരുടെ ആധിപത്യത്തെ നിയന്ത്രിക്കുന്നതും നിയമ സൃഷ്ടിയും നിയമ വാഴ്ചയും വഴിയാണ്.

അതുപോലെതന്നെ ഓരോ പ്രസ്ഥാനത്തിനും അതിന്റെ ഭരണഘടനയും പ്രവർത്തന നിയമങ്ങളുമുണ്ട്. അവ നിയമമായി അംഗീകരിക്കപ്പെട്ടവയാണ്. അവ ലംഘിക്കുവാൻ അതിലെ അംഗങ്ങൾക്ക് അനുവാദമില്ല. അതുകൊണ്ടാണ് സഭാക്കേസ് സംബന്ധിച്ച വിസ്താരത്തിൽ 1934 ലെ ഭരണഘടനയ്ക്ക് ഉള്ളിൽ നിന്ന് എന്ത് നിവൃത്തിയാണ് പാത്രിയർക്കീസ് കക്ഷിക്കാർക്കുവേണ്ടതെന്ന് കോടതി പലവട്ടം ആരാഞ്ഞത്. ഭരണഘടന കോടതി അംഗീകരിച്ചതും, സഭ പൊതുവായി സ്വീകരിച്ചതും ആയിരിക്കെ, അത് അവഗണിച്ച് ഒരു പരിഹാരം സാധ്യമല്ല എന്ന കോടതിയുടെ നിഗമനത്തിന്റെ അടിസ്ഥാനം അതാണ്. എന്നാൽ അതിന് സാധ്യത ആരായുന്നതിനു പകരം ഭരണഘടന തങ്ങൾക്ക് ബാധകമല്ല എന്ന നിലപാടാണ് ആ കക്ഷി എടുത്തത്. അതുകൊണ്ട് വിധി അവർക്ക് എതിരാകുകയും ചെയ്തു. അതായത് മുമ്പുണ്ടായ വിധികളുടെ അടിസ്ഥാനത്തിലും ഭരണഘടനക്ക് ഉള്ളിൽ നിന്നുകൊണ്ടും മാത്രമേ ഒരു പുതിയ വിധിയ്ക്കു സാധ്യതയുണ്ടായിരുന്നുള്ളൂ. എവിടെയാണെങ്കിലും ജനാധിപത്യം-ധാർമ്മിക മൂല്യങ്ങൾ നിഷേധിക്കപ്പെടുന്ന വകുപ്പുകൾ മാത്രമാണ് കോടതി മാറ്റുകയൊ, തിരുത്തുകയൊ, റദ്ദാക്കുകയൊ ചെയ്യുന്നത്.

സഭയിൽ ഭിന്നതയുണ്ടായത് ഭരണഘടനയെ പ്രതിയായിരുന്നില്ല. കോടതി നിർബന്ധിതമാക്കിയത് ഭരണഘടനമാത്രമായിരുന്നു. അതിന് പൊതു അംഗീകാരം സിദ്ധിച്ചതും മുൻകോടതികൾ അതിന്റെ നിർബന്ധിതസ്വഭാവം ശരിവച്ചതും ആയിരുന്നു. പിന്നെ എന്തിന് തർക്കവും വഴക്കും നിലനിർത്തുന്നു എന്നത് സഭയും സർക്കാരും ചിന്തിക്കണം.

ചുരുക്കത്തിൽ സമൂഹത്തിലെ ഭൂരിപക്ഷത്തിന്റെയൊ, രാഷ്ട്രീയ നിലപാടുകളുടെയൊ, മത വിശ്വാസങ്ങളുടെയൊ സ്വാധീനാടിസ്ഥാനത്തിൽ ഭരണകൂടങ്ങൾക്ക് നിയമം ലംഘിക്കാനാവില്ല. അവർ നിയമപ്രകാരം ഭരണം നിർവ്വഹിക്കേണ്ടവരാണ്. നിയമത്തിന്റെ അടിസ്ഥാനത്തിൽ നീതിയും ന്യായവും നിലനിർത്തുകയാണ് വേണ്ടത്. നിയമവാഴ്ച ആക്ഷരികമായി നിലനിർത്തുകയാണ് ഭരണകൂടത്തിന്റെയും പൗരസമൂഹത്തിന്റെയും പ്രാഥമികമായ കർത്തവ്യമെന്നത്. തീർച്ചയായും ഒരു ജനാധിപത്യ സംവിധാനത്തിലെ കാര്യങ്ങളാണ് ഇവിടെ പരാമർശിച്ചത്. നിയമനിർമ്മാണം വഴിയും നിയമവാഴ്ചയിലൂടെയും സമൂഹത്തിൽ നീതിയും ന്യായവും എല്ലാവർക്കും പരമാവധി ലഭ്യമാക്കുവാനുള്ള അന്വേഷണമാണ് ജനാധിപത്യക്രമവും സംവിധാനവും.

ഓരോ ഇടവകയിലെയും അംഗങ്ങളുടെ ഭൂരിപക്ഷത്തിന്റെ അടിസ്ഥാനത്തിലാകണം നിയമം നടപ്പിലാക്കുന്നത് എന്ന നിലയിലാണ് ചർച്ചകൾ പലപ്പൊഴും നീങ്ങുന്നത്. ഭൂരിപക്ഷത്തിന്റെ അംഗീകാരമാണ് പ്രശ്നത്തിനുള്ള പരിഹാരവും നിയമവുമെങ്കിൽ ജുഡീഷ്യറിയുടെ ആവശ്യം തന്നെയില്ലല്ലൊ. നിയമപരമായ തീരുമാനങ്ങൾ ഭൂരിപക്ഷത്തിനുവിട്ടാൽ മതിയല്ലോ. അങ്ങനെ വന്നാൽ കാര്യങ്ങൾ എങ്ങനെ തകിടം മറിയുമെന്നു ചിന്തിക്കാവുന്നതാണ്. നിയമങ്ങൾ അടിസ്ഥാന ജനാധിപത്യ-ധാർമ്മിക-നൈതിക മൂല്യങ്ങളെ ആസ്പദമാക്കി രൂപപ്പെട്ടവയാണ്. ജനവികാരമുന്നേറ്റത്തിന്റെയും ഭൂരിപക്ഷ തീവ്രനിലപാടുകളുടെയും ആധിപത്യം സമൂഹത്തിൽ പുലരുവാൻ പാടില്ല. വികാരങ്ങളല്ല, നീതിയും ന്യായവുമാണ് സമൂഹത്തിൽ പുലരേണ്ടത്. അതിന് നീതിന്യായ വ്യവസ്ഥയും അത് ആദരിക്കുന്ന ഭരണകൂടവുമാണ് ആവശ്യം. നിയമത്തിനെതിരെ ജനത്തെ വികാരപരമായി ഇളക്കി പ്രശ്നം സൃഷ്ടിക്കുന്ന ചുറ്റുപാടിൽ സർക്കാർ പക്ഷം പിടിക്കാതെ ധൈര്യപൂർവ്വം നീതി നടപ്പിലാക്കുകയാണ് വേണ്ടത്. നിയമവും കോടതി വിധികളും അക്ഷരാർത്ഥത്തിൽ നടപ്പിലാക്കി നിയമവാഴ്ച ഉറപ്പാക്കേണ്ടത് സർക്കാരിന്റെ കടമയാണ്. ഭരണകൂടം നിഷ്ക്രിയത്വം പുലർത്തിയാൽ നിയമവാഴ്ച താറുമാറാകും.

2017-ൽ വന്ന സുപ്രിം കോടതി വിധികൾക്കുശേഷം യാക്കോബായ വിഭാഗത്തിന്റെ നേതൃത്വത്തിൽ നിന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രതികരണങ്ങൾ ജനാധിപത്യ സംസ്കാരത്തിന് ഒട്ടും യോജിച്ചതല്ല. 1) വിധികൾ കോഴ കൊടുത്തു സമ്പാദിച്ചവയാണ്. 2)ആത്മീകവും വിശ്വാസപരവുമായ കാര്യങ്ങളിൽ കോടതിക്ക് കാര്യമില്ല. 3) സഭയിൽ പുലരേണ്ടത് ദൈവികനീതിയാണ്. സിവിൽ കോടതിയുടെ വിധിക്ക് സഭയിൽ പ്രസക്തിയില്ല 4) ഇൻഡ്യൻ ഭരണഘടന അനുവദിച്ചിട്ടുള്ള ആരാധന-മത സ്വാതന്ത്ര്യങ്ങൾ കോടതി നിഷേധിച്ചിരിക്കുന്നു. 5)ഓരോ പള്ളിയിലും ഭൂരിപക്ഷപ്രകാരം കാര്യങ്ങൾ തീരുമാനിക്കപ്പെടുകയും ഭരണം നടക്കുകയും വേണം. 6) 34-ലെ സഭാഭരണഘടന രജിസ്റ്റർ ചെയ്യപ്പെട്ടിട്ടില്ല.

ഈ വിഷയങ്ങളെല്ലാം കോടതിവിധിയിൽ വിശദമായി വിലയിരുത്തിയിട്ടുള്ള കാര്യങ്ങളാണ്. വിധി മനസ്സിലാക്കി വായിച്ചാൽ തന്നെ ആരോപണങ്ങൾക്ക് ഉത്തരം കിട്ടും. പിന്നെ യാക്കോബായ വിഭാഗത്തിൽ പുലരുന്ന ദൈവിക നീതിയെക്കുറിച്ച് ആ കൂട്ടർ തന്നെ അനേകകാര്യങ്ങൾ പുറത്തുവിട്ടുകൊണ്ടിരിക്കുന്നതിനാൽ വിശദീകരണത്തിന് മിനക്കെടേണ്ടതില്ല. വസ്തുതകൾ വളച്ചൊടിക്കാനും ജനത്തെ തെറ്റിദ്ധരിപ്പിക്കാനുമുള്ള ശ്രമം അവസാനിപ്പിച്ച് പ്രശ്നപരിഹാരത്തിന് യാഥാർത്ഥ്യ ബോധത്തോടെ പ്രവർത്തിക്കുകയാണാവശ്യം.

ഐക്യത്തോട് യാക്കോബായ പക്ഷം സഹകരിക്കാത്ത സാഹചര്യത്തിൽ കോടതി വിധി കർശനമായി നടപ്പാക്കേണ്ടിവരുന്നു. പള്ളി ഭരണം നിയമപരമായി ഏറ്റെടുക്കുന്നതിനെ കയ്യേറ്റമായി വ്യാഖ്യാനിക്കുന്നത് തെറ്റാണ്. വിധി നടത്തിത്തരേണ്ടത് സർക്കാരിന്റെ ഉത്തരവാദിത്തമാണ്. ഭരണകൂടത്തിന്റെ കർത്തവ്യം കോടതി തന്നെ സ്പഷ്ടമാക്കുന്നു. 'The law laid by the Apex Court is to be implemented and in the process the political executive has to play a pro-active role'. ഇവിടെ വിധിയുടെ നടത്തിപ്പിൻ രാഷ്ട്രീയ അധികാരത്തിന്റെ പങ്ക് കോടതി വ്യക്തമാക്കുന്നു. നിയമ നിർവ്വഹണ പ്രക്രിയയിൽ തടസ്സം സൃഷ്ടിക്കുന്നവരെ തടഞ്ഞ് വിധി നടപ്പിലാക്കാൻ ഭരണകൂടം കർശനമായ നടപടികൾ സ്വീകരിച്ച് ജനാധിപത്യക്രമം താളം തെറ്റാതെ സംരക്ഷിക്കേണ്ടത് അടിയന്തര ആവശ്യമായിത്തീർന്നിരിക്കുകയാണ്. കോടതി വിധികൾ നിർവ്വീര്യമാക്കുവാനും അട്ടിമറിക്കാനുമുള്ള ശ്രമം സമൂഹത്തിൽ അനിശ്ചിതത്വവും അരാജകത്വവും സൃഷ്ടിക്കുമെന്ന് ഭരണകർത്താക്കൾ ഓർത്തിരിക്കേണ്ടതാണ്.

സസ്നേഹം,

നിങ്ങളുടെ

അത്താനാസ്യോസ് തോമസ്

മെത്രാപ്പോലീത്ത

ലേഖനം

അൽവാറിസ് മാർ യൂലിയോസ് മെത്രാപ്പോലീത്ത മലങ്കരയുടെ പൊൻതാരകം

ഡോ. അജേഷ് റ്റി. ഫിലിപ്പ്

മരണത്തോളം ഒളിമങ്ങാതെ, യിസ്രായേലിനെ നടത്തിയ മോശയെപ്പോലെ, തന്റെ യൗവ്വനത്തിൽ താൻകണ്ട് തിരിച്ചറിഞ്ഞ സത്യവിശ്വാസത്തെ പ്രഭാവപൂർവ്വം കാത്തുസൂക്ഷിച്ച ക്രാന്തദർശിയായ പ്രവാചകൻ, കാറ്റിനും കടലിനും, കയ്പിനും വിശപ്പിനും, വിലങ്ങുകൾക്കും, വിലക്കുകൾക്കും മധ്യേ, സകല പ്രതിബന്ധങ്ങൾക്കും മീതെ ദൈവത്തിന്റെ കൈ പിടിച്ചു നടന്ന സ്നേഹത്തിന്റെ ആൾരൂപം, അവസാനത്തോളം പിന്തുടർന്ന തപോനിഷ്ഠയും, മരണനാഴികയോളം കാത്തുകൊണ്ട സത്യവിശ്വാസവും ബോധ്യങ്ങളിലെ പ്രകാശവും നിലപാടുകളിലെ കരുത്തും കൊണ്ടു മാത്രമല്ല... ജീവിതവീഥിയിലുടനീളം താൻ വച്ചു പുലർത്തിയ കരുണയും, സേവന തല്പരതയും കൊണ്ട് അശരണരുടേയും ആലംബഹീനരുടെയും അത്താണിയായ അനുപമനായ ആത്മീയ പിതാവായിരുന്നു, ഗോവയിലെ അൽവാറീസ് മാർ യൂലിയോസ്.

തിരുകൊച്ചിയിലും, മലബാറിലും മാത്രം ഒതുങ്ങിനിന്ന മലങ്കരസഭയ്ക്ക് ഒരു അന്തർദേശീയ മുഖം പ്രദാനം ചെയ്ത മഹാപുരോഹിതനായിരുന്നു മാർ അൽവാറിസ്. 125 വർഷങ്ങൾക്കപ്പുറത്ത് പരിശുദ്ധ സഭയുടെ അതിരുകൾ വിസ്തൃതമാക്കിയ ആ മഹാ പുരോഹിതൻ കാലം ചെയ്തതിന്റെ 95-ാം വർഷത്തിലാണ് നാമിപ്പോൾ എത്തിനിൽക്കുന്നത്. മഹത്തുക്കളുടെ വംശം അറ്റുകൊണ്ടിരിക്കുന്നു എന്നു മാത്രമല്ല, അവരെക്കുറിച്ചുള്ള ഓർമ്മകൾ പോലും നഷ്ടമായിക്കൊണ്ടിരിക്കുന്നു എന്നതാണ് നമ്മുടെ കാലം നേരിടുന്ന വലിയ പ്രതിസന്ധി. നമ്മെ നയിച്ച മഹാത്മാക്കളുടെ ജീവിതത്തിൽ നിന്ന് പ്രകാശം ഉൾക്കൊണ്ടുകൊണ്ട് ആ പ്രകാശം ലോകത്തിന് നൽകുവാൻ നാം ബാദ്ധ്യസ്ഥരാണ്. മാർ അൽവാറിസ് നമുക്ക് പകർന്ന് തന്ന വെളിച്ചം ലോകത്തിന് മടക്കി നൽകാൻ നമുക്ക് ആത്മാർത്ഥമായി ശ്രമിക്കാം.

ജീവിതരേഖ

പോർച്ചുഗീസ് കോളനിയായിരുന്ന ഗോവയിലെ വെർണ്ണ എന്ന ഗ്രാമത്തിൽ, ജോസഫ് ബാപ്റ്റിസ്റ്റ് അൽവാറിസിന്റെയും മരിയാനാ എക്സ്പറ്റാസോ ലോറൻസിന്റെയും മകനായി 1836 ഏപ്രിൽ 29-ന് ഫ്രാഞ്ചു ജനിച്ചു. എട്ടാം ദിവസം ഇടവകപ്പള്ളിയുടെ മാമ്മോദീസാ തൊട്ടിയിൽ നിന്ന് അന്റോണിയോ ഫ്രാൻസിസ്കോ സേവിയർ അൽവാറിസ് എന്ന പേരിൽ പുനർജനിച്ചു. ഗോവയിലും ചുറ്റുപാടുമുണ്ടായിരുന്ന സ്കൂളുകളിൽ നിന്ന് പ്രാഥമിക വിദ്യാഭ്യാസവും, തുടർന്ന് ലൊത്തിം സെന്റ് മൈക്കിൾസ് സ്കൂളിൽ നിന്ന് സെക്കണ്ടറി വിദ്യാഭ്യാസവും നേടി.

ദൈവഭവനം (ദേവ്ഘർ) എന്ന് വിളിക്കപ്പെട്ടിരുന്ന ആ വീട്ടിൽ നിന്ന് സ്വായത്തമാക്കിയ സുകൃതങ്ങൾ AFX അൽവാറിസിനെ സമർപ്പിത വഴിയിലേക്ക് നയിച്ചു. തുടർന്ന് 1853-ൽ ഗോവയിലെ അതിപുരാതനമായ റഷോൾ സെമിനാരിയിൽ ചേർന്ന് ആറു വർഷം നീണ്ട വൈദിക പഠനം പൂർത്തിയാക്കി. സെമിനാരി വിദ്യാഭ്യാസം പൂർത്തിയാക്കിയ അൽവാറിസിനെ വരവേറ്റത് കത്തോലിക്കാസഭയിൽ പൊട്ടിപ്പുറപ്പെട്ട പദ്രോദോ-പ്രോപ്പഗൽഡാ പ്രശ്നങ്ങളായിരുന്നു. പട്ടം നൽകാൻ മെത്രാന്മാരില്ലാതെ ഒഴിഞ്ഞു കിടന്നിരുന്ന ഗോവൻ മെത്രാസനവും, വൈദികനാകാൻ സാധിക്കാതെ വന്നപ്പോഴുണ്ടായ അസ്വസ്ഥതകളും ആകുലതകളും ഗോവയിൽ നിന്ന് ബോംബെയിലേക്ക് പറിച്ചു നടാൻ അൽവാറിസിനെ നിർബന്ധിതനാക്കി.

ബോംബെ ജീവിതം അൽവാറിസിന് സമ്മാനിച്ചത് കരുത്തുറ്റ ഉൾക്കാഴ്ചയും ആത്മബലവുമായിരുന്നു. നഷ്ടങ്ങൾ നേട്ടങ്ങളായി പരിണമിച്ചു. ഇംഗ്ലീഷിൽ അഗാധമായ പ്രാവീണ്യം നേടുവാനും മികച്ച അദ്ധ്യാപകനും വാഗ്മിയും എഴുത്തുകാരനുമായി രൂപാന്തരപ്പെടുവാനും അൽവാറിസിന് സാധിച്ചു. 1862-ൽ ബോംബെ ബിഷപ്പ് വാൾട്ടർ ഐൻസ്റ്റീൻ അദ്ദേഹത്തെ പൗരോഹിത്യപദവിയിലേക്ക് കൈപിടിച്ചുയർത്തി. പ്രേഷിത പ്രവർത്തനത്തിലും മതബോധനത്തിലും പ്രഗത്ഭനായ ഈ യുവ വൈദികൻ 1867-ൽ ഗോവയിൽ തിരിച്ചെത്തി.

യുവത്വത്തിന്റെ ഉത്സാഹവും ദൈവാത്മക പ്രേരിതമായ പ്രേക്ഷിതബോധവും നിറഞ്ഞു തുളുമ്പിയ ഈ യുവ വൈദികൻ കണ്ടത് ദാരിദ്രവും അരക്ഷിതാവസ്ഥയും നിറഞ്ഞ മാതൃരാജ്യമായിരുന്നു. ഇതിൽ മനം നൊന്ത പാദ്രെ അൽവാറിസ് തന്റെ ജീവിതം അശരണർക്കായി ഉഴിഞ്ഞുവച്ചു. ഗോവായിലെ അശരണരായ യാചകരുടെ പുനരധിവാസത്തിനായി 1870-ൽ Association of Charities എന്ന

സംഘടന രൂപീകരിച്ച് പ്രവർത്തന മാരംഭിച്ചു. അതിന്റെ മികച്ച പ്രവർത്തനം ഗോവയെ യാചകവിമുക്ത പ്രദേശമാക്കി.

ഇതേസമയം മാതൃസഭയിലെ ആഭ്യന്തരകലഹങ്ങളും അരാജകത്വവും അഴിമതിയും പാദ്രെ അൽവാരിസിൽ വല്ലാത്ത വേദന സൃഷ്ടിച്ചു. സത്യാന്വേഷകനായ ആ യുവ വൈദികൻ സഭയുടെയും ഭരണാധികാരികളുടെയും ദുഷ്പ്രവണതകളെ നഖശിഖാന്തം എതിർത്തു. പോപ്പിന്റെ അപ്രമാദിത്വം, സഭാകാര്യങ്ങളിൽ ഗവൺമെന്റിന്റെ കൈകടത്തലുകൾ, വിശ്വാസ വികലതകൾ എല്ലാം വിമർശന വിധേയമായി. തന്റെ ആശയങ്ങളും വിഹ്വലതകളും മാധ്യമങ്ങളിലൂടെ തുറന്നെഴുതിയത് സഭയുടെയും ഗമൺമെന്റിന്റെയും അപ്രീതിക്ക് കാരണമായി. 1882-ൽ പാദ്രെ അൽവാരിസ് സഭയിൽനിന്ന് ഭ്രഷ്ടനാക്കപ്പെട്ടു. എന്നാൽ അദ്ദേഹത്തെ അനുകൂലിച്ചിരുന്ന ഒരു വലിയ ജനവിഭാഗം ഗോവയിലും, സിലോണിലും ബോംബെയിലും ഉണ്ടായിരുന്നു. സമാന മനസ്കരുടെ കൂട്ടായ്മ Independent Catholic Mission എന്ന പേരിൽ അവർ ഒരു സംഘടന രൂപീകരിച്ചു. അതിന്റെ ആദ്യ പ്രസിഡന്റ് പാദ്രെ അൽവാരിസായിരുന്നു.

പൗരസ്ത്യ വിശ്വാസങ്ങളിലും മൂല്യങ്ങളിലും ആകൃഷ്ടനായി ഭാരതത്തിലെ സ്വതന്ത്ര സഭയുടെ അംഗമാകാൻ ആഗ്രഹിച്ച പാദ്രെ അൽവാരിസിസും സംഘവും മലങ്കരസഭയിലെ പുലിക്കോട്ടിൽ മാർ ജോസഫ് ദിവന്നാസിയോസ് അഞ്ചാമനുമായി കൂടിക്കാഴ്ച നടത്തുകയും ക്ഷമയോടെ 'സത്യവിശ്വാസം' സ്വായത്തമാക്കുകയും ചെയ്തു. ഇതേത്തുടർന്ന് 1887-ൽ പാദ്രെ അൽവാരിസും ആറോളം വൈദികരും 4000-ത്തിൽ പരം വരുന്ന വിശ്വാസ സമൂഹവും മലങ്കര സഭയുടെ ഭാഗമായിത്തീർന്നു.

സ്വയംഭരണാധികാരത്തോടെ മലങ്കരയുടെ ലത്തീൻ വിഭാഗമായി നിലകൊള്ളുവാൻ അനുവദിച്ചു കൊണ്ട് പാദ്രെ അൽവാരിസിനെ മെത്രാപ്പോലീത്തയ്ക്ക് തുല്യനായി (Apostolic Prefect) എന്ന അധികാരത്തോടെ കൗദാശികാധികാരമായ മൂറോനും സൈത്തും മലങ്കര മെത്രാപ്പോലീത്ത നൽകി. Independent Catholic Missionന്റെ അഭ്യർത്ഥന പ്രകാരം 1889 ജൂലെ 29-ന് പാദ്രെ അൽവാറിസ്, യൂലിയോസ് ഒന്നാമൻ എന്ന പേരിൽ മെത്രാപ്പോലീത്തായായി കോട്ടയം പഴയസെമിനാരിയിൽ വച്ച് വാഴിക്കപ്പെട്ടു. 1889 മുതൽ മലങ്കരയുടെ ലത്തീൻ റീത്തിൽ തന്നെ തുടരാൻ മലങ്കരസഭ അദ്ദേഹത്തെ അനുവദിച്ചിരുന്നു. സിലോണിലും ഗോവയിലും ലണ്ടനിലും കന്യാകുമാരി മുതൽ മദിരാശി വരെയുള്ള തീരങ്ങളിലും ഗോവ മുതൽ ബോംബെ വരെയുള്ള തീരങ്ങളിലുമായി സഭയുടെ പ്രവനർത്തനം വ്യാപിച്ചു. സിലോണിൽ ഇരുപത്തിമൂന്നും, തമിഴ്നാട്ടിൽ അറുപത്തിയഞ്ചോളവും ഗോവ മുതൽ ബോംബെ വരെ പതിനഞ്ചോളവും ബ്രിട്ടണിലും മലങ്കരയിലും സാത്തുവാടിയിലും രണ്ടുവീതവും പള്ളികളും ഏതാണ്ട് ഒന്നരലക്ഷത്തിലധികം അംഗങ്ങളും ഉണ്ടായി.

മാർ യൂലിയോസിന്റെ ഉത്തമ നേതൃത്വത്തിൽ മിഷൻ അതിവേഗം വളർന്നു. മലങ്കരയുമായി നിരന്തരമായ ബന്ധം, മലങ്കര മെത്രാപ്പോലീത്തായുടെയും പരുമലതിരുമേനിയുടേയും നിസ്സീമമായ പിന്തുണ, ഇടവകകൾ തോറും പള്ളിക്കൂടങ്ങളും പഠന ക്ലാസ്സുകളും വാർഷിക അപ്പസ്തോലിക സന്ദർശനങ്ങൾ-ഇവ കത്തോലിക്കാ സഭയ്ക്ക് മാർ അൽവാറിസിനോടുള്ള ശത്രുത വർദ്ധിപ്പിച്ചു. പല ഘട്ടത്തിലും ഈ ശത്രുത പീഡനത്തിലും കൊലപാതക ശ്രമങ്ങൾ വരെയും എത്തിനിന്നു. പ്രതിസന്ധികളിൽ നിന്ന് കരുത്താർജ്ജിച്ച മെത്രാപ്പോലീത്ത തളരാത്ത പോരാളിയായി നിലനിന്നു. 1912 വരെ മലങ്കര സഭയുടെ ദൈനംദിന കാര്യങ്ങളിൽപോലും ശ്രദ്ധവച്ചിരുന്ന പിതാവ്, ആരോഗ്യ പരമായ കാരണങ്ങളാൽ തുടർന്നുള്ള വർഷങ്ങൾ വിശ്രമജീവിതത്തിനായി മാറ്റിവച്ചു.

76 വയസ്സു പ്രായമുണ്ടായിരുന്ന ഈ വന്ദ്യപിതാവിന്റെ ആരോഗ്യം തൃപ്തികരമല്ലായിരുന്നു. എങ്കിലും പഴയതുപോലെ രോഗികളുടെയും അശരണരുടെയും രക്ഷ തന്റെ കർത്തവ്യമാണെന്ന ബോധ്യത്തോടെ വന്ദ്യവയോധികനായ ആ മഹാപുരോഹിതൻ അവരെ തന്നോടൊപ്പം തന്റെ വാടകവീട്ടിൽ താമസിപ്പിച്ചു. ആഹാരവും വസ്ത്രവും മരുന്നും നൽകി അവരെ ശുശ്രൂഷിച്ചു. സാമ്പത്തിക പരാധീനതകൾ ബാധിച്ചപ്പോൾ, പലരുടെയും സഹായം സ്വീകരിച്ചു. ഒരു ഭിക്ഷകനെപ്പോലെ തെരുവിൽ യാചിച്ചു. പലപ്പോഴും അടിയും തുപ്പലും ഏറ്റുവാങ്ങി, തന്റെ നാഥന്റെ ക്രൂശിനെ വഹിച്ചുകൊണ്ട് അഗതികൾക്കായി ജീവിച്ചു.

വാർദ്ധക്യത്തിന്റെ ക്ഷീണവും രോഗാവസ്ഥയും മൂലം അദ്ദേഹത്തിന്റെ ആരോഗ്യം അനുദിനം വഷളായിക്കൊണ്ടിരുന്നു. 1923 സെപ്റ്റംബർ 23-ാം തിയതി പ്രഭാതത്തിൽ അഗതികളുടെ അപ്പസ്തോലൻ തന്റെ നാഥന്റെ സന്നിധിയിലേക്ക് വിളിക്കപ്പെട്ടു. സെപ്റ്റംബർ 24-ാം തിയതി ഗോവയിലെ St. Inez പളളിയുടെ സെമിത്തേരിയിൽ നാനാജാതിമതസ്ഥരായ ആയിരക്കണക്കിന് ആളുകളുടെ സാന്നിധ്യത്തിൽ അദ്ദേഹത്തിന്റെ ശവസംസ്കാരം നടത്തപ്പെട്ടു.

നിർഭാഗ്യവശാൽ സഭാ രീതിയനുസരിച്ചുള്ള ഒരു കബറടക്കം അദ്ദേഹത്തിന് ലഭിക്കുകയോ മലങ്കരയിൽ നിന്ന് ആരെങ്കിലും ഈ കർമ്മത്തിൽ പങ്കെടുക്കുകയോ ചെയ്തില്ല. അതേ സമയം പോർച്ചുഗീസ് ഭരണാധികാരത്തെ അവഗണിച്ച്, ബ്രഹ്മവാറിൽ നിന്ന് ഫാ.നൊറോനോയും ഒരു കൂട്ടം വിശ്വാസികളും വേഷപ്രച്ഛന്നരായി എത്തിയിരുന്നു എന്ന് ചരിത്രരേഖകൾ വ്യക്തമാക്കുന്നുണ്ട്.

മലങ്കരയുമായുള്ള സജീവബന്ധം

മലങ്കരയിലെ സജീവ സാന്നിദ്ധ്യമായിരുന്ന മാർ അൽവാറിസ്, അന്നുണ്ടായിരുന്ന ഒട്ടുമിക്ക പള്ളികളിലും സന്ദർശനം നടത്തിയിരുന്നു. കോട്ടയം എം.ഡി. സെമിനാരി, മാർ ഏലിയാ ചാപ്പൽ, വാകത്താനം വലിയ പള്ളി, വള്ളിക്കാട്ട് ദയറാ, നാലുന്നാക്കൽ പള്ളി, കോട്ടയം ചെറിയ പള്ളി, കോട്ടയം വലിയ പള്ളി, പരുമല സെമിനാരി, മണ്ണത്തൂർ പള്ളി, വടക്കൻ പറവൂർ പള്ളി എന്നിവയുടെ കൂദാശയ്ക്കും റാന്നി മുക്കാലിമൺ പള്ളിയുടെ നിർമ്മാണത്തിനും അഭിവന്ദ്യ പിതാവ് നേതൃത്വം നൽകി. സത്യവിശ്വാസത്തെ അചഞ്ചലം കാത്ത പിതാവ് മലങ്കര അസ്സോസിയേഷൻ വൈസ് പ്രസിഡന്റും മാനേജിംഗ് കമ്മിറ്റി അംഗവുമായിരുന്നു. അദ്ദേഹം വെറുമൊരു ബാഹ്യകേരള മെത്രാൻ മാത്രം ആയിരുന്നില്ല. 1919-ൽ അനാരോഗ്യം മൂലം മെത്രാസന ഭരണം മലങ്കര മെത്രാപ്പോലീത്തായ്ക്ക് കൈമാറുന്നതുവരെ മലങ്കരയുടെ ശക്തനായ പോരാളിയായിരുന്നു.

സഭാ സ്വാതന്ത്ര്യത്തിനായി പോരാടിയ സഭാ സ്നേഹി.

മലങ്കര സഭാചരിത്രത്തിൽ ഒരിക്കലും വിസ്മരിക്കുവാൻ കഴിയാത്ത നാമമാണ് മാർ അൽവാറിസിന്റേത് ഭാരതസഭ സ്വാതന്ത്രമാണെന്നും അതിന്റെ സ്വാതന്ത്ര്യം ആർക്കും അടിയറ വയ്ക്കുവാൻ പാടില്ലെന്നും ഉറക്കെപ്പറഞ്ഞ്, കത്തോലിക്കാസഭയുടെ പരമാധികാരത്തെ വെല്ലുവിളിച്ച് സഭാമോചന സമരങ്ങൾക്ക് മാർ അൽവാറിസ് നേതൃത്വം നൽകി. മലങ്കരയുടെ സ്വാതന്ത്ര്യത്തിനുമേൽ അന്ത്യോക്യൻ പാത്രിയാർക്കീസ് കടന്നു കയറിയപ്പോൾ അതിനെ തൃണവൽഗണിച്ചുകൊണ്ട് മലങ്കര സുറിയാനി അസ്സോസ്സിയേഷനിലും മാനേജിംഗ് കമ്മിറ്റിയിലും അദ്ദേഹം നടത്തിയ പ്രസംഗങ്ങൾ ശ്രദ്ധേയമാണ്. പരി.വട്ടശ്ശേരിൽ തിരുമേനിയെ മുടക്കിയ അബ്ദുള്ള പാത്രിയർക്കീസിന്റെ നടപടി കാനോനികമല്ലെന്ന് കൽപനയിലൂടെ പരസ്യമായി വ്യക്തമാക്കി. 1911 ജൂൺ - 25 ലെ മാനേജിംഗ് കമ്മിറ്റിയിൽ കാതോലിക്കേറ്റിലേക്കും സ്വാതന്ത്ര്യത്തിലേക്കും വഴി തെളിച്ച ആശയരൂപീകരണത്തിലും മാർ അൽവാറിസ് അഗ്രഗണ്യനായി നിന്നിരുന്നു.

ആത്മവിശ്വാസവും ധൈര്യവും കൈമുതലാക്കിയ സുവിശേഷകൻ

ഒരു യഥാർത്ഥ സുവിശേഷകനുവേണ്ട ആത്മവിശ്വാസവും ധൈര്യവും ആന്തരിക നിർബന്ധവും കൈമുതലാക്കിയ മഹാനുഭാവനായിരുന്നു, മാർ യൂലിയോസ് അൽവാറിസ്. പൗലോസ് അപ്പസ്തോലനെപ്പോലെ സുവിശേഷീകരണ രംഗത്ത് തീവ്ര വീക്ഷണം സ്വീകരിച്ച വ്യക്തിയായിരുന്നു അ ദ്ദേഹം. കച്ച് മുതൽ കൽക്കട്ടാവരെയുള്ള ഇന്ത്യൻ തീരദേശത്തിന് സുപരിചിതനായിരുന്നു അൽവാറിസ്. ദക്ഷിണ ഇന്ത്യയും പോർച്ചുഗീസ് ഗോവയും കടന്ന് സിലോണും ഇംഗ്ലണ്ടും അതിലംഘിച്ച് അമേരിക്കൻ ഭൂഖണ്ഡം വരെ പടർന്നു പന്തലിച്ചതായിരുന്നു. തന്റെ മിഷൻ എന്നത് മതം മാറ്റമല്ല, മനം മാറ്റമാണെന്ന് തിരിച്ചറിഞ്ഞ മാർ അൽവാറിസ്, വിദ്യഭ്യാസ-ആ രോഗ്യ പരിപാലനത്തിനും സാമൂഹിക സാമ്പത്തിക മുന്നേറ്റത്തിനും പ്രാധാന്യം കൽപിച്ചിരുന്നു. അദ്ദേഹത്തിന്റെ രചനകളും പ്രസിദ്ധീകരണങ്ങളും (Times of Goa, Brado, Indiano, The Cruze, Verdade) ഇത് വ്യക്തമാക്കുന്നു. വിദ്യഭ്യാസത്തിന്റെ പ്രാധാന്യം മനസ്സിലാക്കി ഗോവയിലും സിലോണിലും പള്ളികളോട് ചേർന്ന് പള്ളിക്കൂടങ്ങൾ സ്ഥാപിച്ചു. സിലോൺ ട്രേഡ് മൂവ്മെന്റ് എന്ന തൊഴിലാളി സംഘടനയുടെ സ്ഥാപക നേതാക്കളിൽ ഒരാൾ മാർ അൽവാറിസ് ആയിരുന്നു.

ഗോവയുടെ രാഷ്ട്രീയ-സാമൂഹിക-വിദ്യാഭ്യാസ മണ്ഡലങ്ങളിൽ സ്മര്യപുരുഷൻ ഒരു പൊൻതാരകം ആയിരുന്നു. ഗോവയിലെ പോർച്ചുഗീസ് അധിനിവേശത്തെ വെല്ലുവിളിച്ച അദ്ദേഹം തദ്ദേശീയരെ സ്വന്തം കാലിൽ നിർത്താനും തദ്ദേശീയ വിഭവസമാഹരണ വിനിയോഗത്തിലൂടെ (Indigenous Resource Management) സാമ്പത്തിക പുരോഗതി കൈവരിക്കാനും പ്രേരിപ്പിച്ചു. സുവിശേഷീകരണ പാതയിലെ നല്ല ഇടയൻ ആകാൻ ഇത് കാരണഭൂതമായി.

സ്വതന്ത്ര കാത്തോലിക്കാ സഭ എന്ന മലങ്കരയുടെ റീത്ത്

19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ സുവിശേഷീകരണ പാതയിൽ പുതിയ ശൈലി രൂപപ്പെടുത്തിവന്ന മലങ്കര സഭയ്ക്ക് കൈവന്ന ഭാഗ്യമായിരുന്നു സ്വതന്ത്ര കാത്തോലിക്കാ സഭ. പുലിക്കോട്ടിൽ രണ്ടാമന്റെ വികസന സ്വപ്നങ്ങൾക്ക് വിശുദ്ധിയുടെ നറുമണമേകി പരുമല തിരുമേനി പിന്തുണ നൽകിയപ്പോൾ മലങ്കര സഭയ്ക്ക് രണ്ട് ഉപവിഭാഗങ്ങൾ (റീത്തുകൾ) ഉണ്ടാകുവാൻ കാരണമായി.

അങ്ങനെ 1887-ൽ സ്വയംഭരണവും ലത്തീൻ ആചാരങ്ങളും ആരാധനാ പാരമ്പര്യങ്ങളുമുള്ള ഒരു ലത്തീൻ ഉപസഭ (Latin Rite) ഉണ്ടായി. സ്വയം ശീർഷകത്വമുള്ള മലങ്കരസഭയെ സ്വപ്നം കണ്ട സ്വയംഭരണം ഉൾക്കൊള്ളുന്നതും സഹവർത്തിത്വം പാലിക്കുന്നതുമായ ഈ ഉപസഭ മലങ്കരയുടെ ആത്മീയ അതിരുകൾ (Spiritual Boundaries) പാശ്ചാത്യദേശങ്ങളിലേക്ക് കൂടി വ്യാപിപ്പിച്ചു. 2009-ൽ ആരംഭിച്ച Metropolitan Alvares Mar Julius Research Project (OCP- MARP) ന്റെ ഗവേഷണപഠനങ്ങൾ വ്യക്തമാക്കുന്നത്, ഏതാണ്ട് അറുപതോളം ആരാധനാലയങ്ങളും ഒരു ലക്ഷത്തിലധികം വിശ്വാസികളും ഉൾക്കൊള്ളുന്ന ഒരു സമൂഹമായി അത് മാറി എന്നാണ്. വിശ്വാസതീഷ്ണതയിൽ പടർന്ന് പന്തലിച്ച ഈ സമൂഹത്തിന്റെ പിൻമുറക്കാർ വിശ്വാസസംരക്ഷകരായി ശ്രീലങ്കയുടെ തീരദേശ ഗ്രാമങ്ങളിലും (കൊളമ്പോ, മന്നാർ, പള്ളിമുനെ, മുള്ളിട്ടുവാ, ജിന്റുചിത്യ, വാവുനിയ) ഉത്തര-ദക്ഷിണ കാനറയിലെ (ബ്രഹ്മവാർ, ഹോണവാർ) പ്രദേശങ്ങളിലും

വായനക്കാർ എഴുതുന്നു

ഇത് നീതികേട്

കോടതികളിൽ കേസ്സുകൾ കേട്ട് വിധി പറയുന്നതിനായി നിയോഗിക്കപ്പെടുന്ന ന്യായാധിപർ പല ഗൗരവതരമായ കേസ്സുകളിലും സ്വയം പിൻവാങ്ങുന്നതായി അറിയുന്നു. കേസ്സിലെ എതിർകക്ഷികളിൽ ഒരു കൂട്ടരെങ്കിലും മതിയായ കാരണം ഉന്നയിച്ച് ന്യായാധിപ നിയമനത്തിൽ എതിർപ്പ് പ്രകടമാക്കുന്ന സന്ദർഭത്തിൽ അപ്രകാരം ചെയ്യുന്നത് മനസ്സിലാക്കാവുന്ന കാര്യമാണ്. എന്നാൽ ആരുടെയും പ്രതിഷേധം കൂടാതെ തന്നെ തുടർച്ചയായി 7 ബഞ്ചുകൾവരെ പിന്മാറിയിട്ടുള്ളതായി അറിയാൻ കഴിയുന്നു. ന്യായാധിപരുടെ പ്രാഥമിക ചുമതല തന്നെ കോടതികളിൽ വരുന്ന കേസ്സുകൾ കേട്ട് വിധി കല്പിക്കുക എന്നതായിരിക്കെ ഇത്തരം പിൻവാങ്ങലിൽ ന്യായം കാണാൻ കഴിയുന്നില്ല, മാത്രവുമല്ല, പല സന്ദർഭങ്ങളിലും കാരണം വ്യക്തമാക്കാതെയാണ് ഇത്തരം പിൻമാറ്റം. ഏതെങ്കിലുമൊരു മോഷണക്കേസ് അന്വേഷിക്കുകയില്ലെന്ന് ഒരു പോലീസ് ഉദ്യോഗസ്ഥനോ ഒരു പുസ്തകം പഠിപ്പിക്കുകയില്ലെന്ന് ഒരു അദ്ധ്യാപകനോ ഒരു രോഗിയെ ചികിത്സിക്കുകയില്ലെന്ന് ഒരു ഡോക്ടർക്കോ പറഞ്ഞ് കൃത്യ നിർവ്വഹണത്തിൽ നിന്ന് ഒഴിവാകുവാൻ സാധിക്കുമോ? ഇല്ലെന്നിരിക്കെ, ന്യായാധിപർക്കിടിയിൽ മാത്രം ഈ പ്രവണത എങ്ങനെയുണ്ടായി? അതിനുള്ള വകുപ്പുകൾ വല്ലതും അവരുടെ നിയമത്തിലുണ്ടോ? ഏതെങ്കിലും കേസ്സിൽ വിധി പറഞ്ഞാൽ അപവാദമോ, ദുഷ്പേരോ സംഭവിക്കുമെന്നു ഭയന്ന് കൃത്യവിലോപനം നടത്തുന്നത് ശരിയായ നടപടിയാണോ?

പിറവം സെന്റ് മേരീസ് പള്ളി ക്കേസ് കേൾക്കുവാൻ നിയോഗിതരായ നാല് ന്യായാധിപ ബഞ്ചുകൾ തുടർച്ചയായി പിൻവാങ്ങിരിക്കുന്നു. അഞ്ചാമത്തേത് നിലവിൽ വന്നിട്ടില്ല. ബാക്കിയുള്ളവരും ഇതേ നിലപാട് ആവർത്തിച്ചാൽ കേസ്സ് കേൾക്കാൻ ജഡ്ജിമാരില്ലാത്ത ഒരു പ്രതിസന്ധി ഉണ്ടാകില്ലേ? ഇത് കേസ്സിലെ കക്ഷികൾക്ക്-പ്രത്യേകിച്ച് അനുകൂല വിധി പ്രതീക്ഷിക്കുന്നവർക്ക് എത്ര മാത്രം മാസികബുദ്ധിമുട്ടും പാഴ്ച്ചെലവും സമയം നഷ്ടവുമെല്ലാമാണ് വരുത്തിവയ്ക്കുക. പലപ്പോഴും കാരണം പോലും വെളിപ്പെടുത്താതെയുള്ള ന്യായാധിപന്മാരുടെ ഈ നടപടി നിയന്ത്രിക്കുന്നതിനും തടയുന്നതിനും നിയമമില്ലേ? ഈ വിധത്തിൽ കേസ്സുകൾ അനന്തമായി നീട്ടിക്കൊണ്ടുപോയി നീതി വഹിക്കുന്നത് പൗരാവകാശ ധ്വംസനമല്ലേ? Justice Delayed is Justice Devied എന്നല്ലേ പ്രമാണം.? ഒരു സമൂഹം മുഴുവൻ ഉൾപ്പെടുന്ന ഇത്തരം കേസ്സുകളിലെ ന്യായാധിപന്മാരുടെ ഈ ബഞ്ചുകളി അവസാനിപ്പിക്കേണ്ടത് കേവലം നീതി മാത്രമല്ലേ? നീതിപീഠത്തിന് നീതികേട് പിടിപെട്ടാൽ എന്തുചെയ്യും ജനം? വല്ലാത്ത പ്രതിസന്ധിയാണ് ഇത് സൃഷ്ടിക്കുന്നതെന്ന് തിരിച്ചറിയാനുള്ള ഹൃദയം ജഡ്ജിമാർക്കു മില്ലേ?

അരുൺ പി. ജോൺ
പെരിയാമ്പ്ര

സാവന്ത്വാടി, സിന്ദുദുർഗ്ഗ് മേഖലകളിലും തമിഴ്നാട്ടിലെ തിരുച്ചിറപ്പള്ളി, കല്ലിയാംകുളം, ദിൻഡികൽ, ചെമ്പട്ടി, പള്ളിത്താമം, നാഗർകോവിൽ, എന്നിവിടങ്ങളിലും അവശേഷിക്കുന്നു എന്ന് ഈ ലേഖകൻ കണ്ടെത്തിയിട്ടുണ്ട്.

2009 മുതലുള്ള പഠനങ്ങളുടെ ഫലമായി സ്വതന്ത്രകത്തോലിക്കാ സഭയുടെ കത്തീഡ്രൽ പള്ളി കണ്ടെത്തുവാനും (Our Lady of Good Death, Hulsorf) ദിൻഡിഗൽ എന്ന സ്ഥലത്തിന് സമീപം ചിന്നലപട്ടി എന്ന ഗ്രാമത്തിൽ പരിശുദ്ധ പരുമല തിരുമേനിയുടെ നാമത്തിൽ സിദ്ധവൈദ്യം നടത്തുന്ന സേവ്യർ, പോൾ രാജ് എന്നിവരെയും കണ്ടെത്തുവാനും സാധിച്ചു. അതേ തുടർന്ന് ചെമ്പട്ടിയിലെ St. James Independent Catholic പള്ളിയും കണ്ടെത്തി ബന്ധം സ്ഥാപിച്ചു. തുടർന്നു നൂറ്റാണ്ടുകൾ പഴക്കമുള്ള തണ്ടെല്ലത്ത മധുര മൂവരശർ ആലയത്തിൽനിന്ന് കണ്ടെത്തി. മലങ്കര സഭയുടെ ചെന്നൈ ഭദ്രാസനത്തിന്റെ അഭ്യർത്ഥന മാനിച്ച് ഇത് താംബരത്തുള്ള അരമനയിൽ സൂക്ഷിച്ചിരിക്കുന്നു.

ലേഖകന്റെ നേതൃത്വത്തിലുള്ള ഗവേഷണ സംഘത്തിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ചെന്നൈ ഭദ്രാസനം Dindigal Mission ആരംഭിച്ചു പ്രവർത്തനം നടത്തിവരുന്നു. 2017 ജൂൺ 6-ന് മിഷൻ ഓഫീസ്, ഗാന്ധിഗ്രാം സിലോൺ കോളനിക്ക് സമീപം അൽവാറിസ് മാർ ജൂലിയോസ് സെന്റർ എന്ന പേരിൽ ആരംഭിച്ചു എന്നത് അഭിമാനത്തോടെ പറയട്ടെ.

ഭക്തനായ ഒരു വൈദികൻ, കർമ്മനിരതനായ ആതുര സേവകൻ, മഹാനായ എഴുത്തുകാരൻ, യഥാർത്ഥ സന്യാസി, പ്രഗത്ഭനായ പ്രസംഗകൻ, ധീരോദാത്തനായ പത്രപ്രവർത്തകൻ, അഗ്രഗണ്യനായ രാജ്യസ്നേഹി, ഉന്നതനായ വിദ്യാഭ്യാസ വിചക്ഷണൻ, ജനഹൃദയങ്ങളിലെ കരുണയുടെ അപ്പസ്തലൻ എന്നീ നിലകളിൽ അതുല്യനായിരുന്ന ആ പരിശുദ്ധ പിതാവിന്റെ പ്രാർത്ഥന സഭയ്ക്കും ദേശത്തിനും അനുഗ്രഹത്തിനായി ഭവിക്കട്ടെ.

(ദി സണ്ടേസ്കൂൾ മാസികയോട് കടപ്പാട്)

വേദവിചാരം

പരിഭ്രമിക്കാതെ ജീവിക്കുവാൻ പഠിക്കുക

വേദഭാഗം: അപ്പോ. പ്രവൃത്തികൾ 12:6

ഡോ: തോമസ് അത്താനാസ്യോസ്

'ഹേരോദാവ് അവനെ ജനങ്ങളുടെ മുമ്പാകെ വിചാരണ ചെയ്യാൻ നിശ്ചയിച്ചതിന്റെ തലേരാത്രിയിൽ പത്രോസ് രണ്ട് ചങ്ങലകളാൽ ബന്ധിക്കപ്പെട്ടവനായി രണ്ടു ഭടന്മാരുടെ നടുവിൽ ഉറങ്ങുകയായിരുന്നു. വാതിലിന്റെ മുമ്പിൽ കാവൽക്കാർ കാരാഗൃഹം കാക്കുന്നുണ്ടായിരുന്നു.'

മനുഷ്യജീവിതത്തിൽ ഒട്ടേറെ അനിശ്ചിതത്വങ്ങളും ഭാരങ്ങളും സാധാരണമാണ്. പ്രശ്നങ്ങളുടെയും പ്രതിസന്ധികളുടെയും നടുവിലൂടെയാണ് നമ്മുടെ ജീവിതയാത്ര. ആക്ഷേപങ്ങളും ആരോപണങ്ങളും പീഡനങ്ങളും രോഗങ്ങളും ജീവിതത്തെ പലപ്പോഴും വല്ലാതെ തളർത്തിക്കളയുന്നു. ജീവിതം തുടരാനുള്ള ആഗ്രഹം പോലും നഷ്ടപ്പെട്ടു എന്നുവരാം. ക്രിസ്തീയ ജീവിതവും സാക്ഷ്യവും ഗൗരവമായി എടുക്കുന്നവർ കൂടുതൽ പീഡനങ്ങൾ ഏറ്റെടുക്കേണ്ടിവരിക സ്വാഭാവികമാണ്.

ഈ വേദഭാഗത്ത് മരണത്തെ മുഖാമുഖം കണ്ട ഒരു ക്രിസ്തു ശിഷ്യന്റെ പ്രതികരണമാണ് പ്രതിപാദ്യം. ആദിമ ക്രൈസ്തവ സഭ അതിവേഗം വളരാൻ തുടങ്ങിയത് യഹൂദ മത നേതാക്കന്മാരെ പരിഭ്രാന്തരാക്കി. അനേകം യഹൂദന്മാർ ക്രിസ്തു ശിഷ്യത്വം സ്വീകരിച്ച് ക്രിസ്തീയ ജീവിതത്തിലേക്കു വന്നു. തങ്ങളുടെ മതസമൂഹത്തിന്റെ നിലനിൽപ് അപകടത്തിലായിരിക്കുന്നു എന്ന് കണ്ട് യഹൂദന്മാർ ക്രിസ്ത്യാനികളെ പീഡിപ്പിക്കാൻ ആരംഭിച്ചു. സ്തേഫാനോസിനെ അവർ കല്ലെറിഞ്ഞു കൊന്നു. അതേ തുടർന്ന് യഹൂദ തീവ്രവാദിയും പണ്ഡിതനുമായിരുന്ന ശൗൽ ക്രിസ്തീയ സുവിശേഷകനായി മാറി. സഭയുടെ ദ്രുതവളർച്ചയെ തടയാനാവാതെ യഹൂദ നേതാക്കന്മാർ ആശങ്കയിലായി. ഇതു മനസ്സിലാക്കി ഭരണാധികാരിയായ ഹേറോദേസ് സഹായത്തിനെത്തി. അദ്ദേഹത്തിന് രണ്ടു ലക്ഷ്യങ്ങളായിരുന്നു. 1) തന്റെ രാജ്യത്ത് പുതിയൊരു മത പ്രസ്ഥാനത്തിന്റെ വളർച്ച തടഞ്ഞ് വിഭാഗീയതയും സംഘർഷവും ഒഴിവാക്കുക. 2) അദ്ദേഹത്തിന്റെ ഭരണത്തിൽ തൃപ്തരല്ലാത്ത യഹൂദന്മാരെ പ്രീതിപ്പെടുത്തുക. അതിനായി ക്രിസ്തീയ ശിഷ്യ സമൂഹത്തിലെ ഉന്നതന്മാരെ ഇല്ലായ്മ ചെയ്യുവാൻ നടപടികൾ സ്വീകരിക്കുക.

ആദ്യമായി യോഹന്നാന്റെ സഹോദരൻ യാക്കോബിനെ കൊല്ലിക്കുന്നു. ക്രിസ്തു ശിഷ്യരുടെ നേതാവായ പത്രോസിനെ വധിക്കുവാനായി തടവിൽ പാർപ്പിക്കുന്നു. ഭീകരമായ വധം മുമ്പിൽ കാണുന്ന പത്രോസിന്റെ പ്രതികരണമാണ് അപ്പസ്തോല പ്രവൃത്തികളുടെ കർത്താവായ ലൂക്കോസ് ഇവിടെ ഒറ്റ വാചകത്തിൽ വ്യക്തമാക്കുന്നത്: യാക്കോബിന്റെ വധം യഹൂദ നേതാക്കൾക്ക് സന്തോഷമായെന്നു കണ്ട് പത്രോസിനെ വധിക്കുവാനായി കാരാഗ്രഹത്തിലടച്ചു. ഇതു പെസഹാ പെരുന്നാളിന്റെ ദിവസങ്ങളിയാരുന്നു. പത്രോസ് കാരാഗ്രഹത്തിനുള്ളിലും ചങ്ങലകളാൽ ബന്ധിതനായിരുന്നു. നാലു പടയാളികൾ കാവലിനായുണ്ട്. കാരാഗ്രഹത്തിന്റെ ഏതോ ഉള്ളറയിലായിരിക്കണം. പെരുന്നാൾ ദിനങ്ങൾക്കു ശേഷം വധിക്കാനാണ് പദ്ധതി. കിരാതരായ പടയാളികളുടെ മധ്യത്തിൽ മരണത്തെ മുന്നിൽക്കണ്ട് ഇരുട്ടറയിൽ കഴിയുന്ന പത്രോസിനെപ്പറ്റി ഗ്രന്ഥകർത്താവ് പറയുന്നത് അദ്ദേഹം ശാന്തനായി ഉറങ്ങുകയായിരുന്നു എന്നാണ്. അദ്ദേഹത്തിന് ഉത്കണ്ഠയൊന്നുമില്ല. പീഡനവും മരണവും ഉറപ്പാണ്. തന്റെ മരണത്തോടെ വിശ്വാസ സമൂഹത്തിന് സംഭവിക്കാൻ പോകുന്നതെന്താണെന്ന് പത്രോസിനറിയാം. മരണത്തിന്റെ ഭീകര നിമിഷങ്ങളിൽ അദ്ദേഹത്തിന്റെ അല്ലലില്ലാത്ത ഉറക്കം നമുക്കൊരു വെല്ലുവിളിയാണ്. മത്തായിയുടെയും ലൂക്കോസിന്റെയും സുവിശേഷങ്ങളിൽ ചെറിയ പ്രശ്നങ്ങളിൽ പോലും ഉത്കണ്ഠപ്പെടുകയും പരിഭ്രാന്തരാവുകയും ചെയ്യുന്ന ശിഷ്യരെ കർത്താവ് അഭിസംബോധന ചെയ്യുന്നുണ്ട്. ഭക്ഷണത്തെപ്പറ്റിയും വസ്ത്രത്തെക്കുറിച്ചും പാർപ്പിടം സംബന്ധിച്ചുമെല്ലാം നാം ഭാരപ്പെടുന്നവരാണ്. എന്നാൽ നാം അങ്ങനെ വ്യസനിക്കേണ്ടതില്ല എന്നാണ് കർത്താവ് പറയുന്നത്. നമ്മെ ദൈവത്തിനു പൂർണ്ണമായി വിട്ടുകൊടുക്കുക. ദൈവത്തിൽ പൂർണ്ണ വിശ്വാസം അർപ്പിക്കുക. എന്താണ് നടക്കേണ്ടതെന്ന് ദൈവം തീരുമാനിച്ചുകൊള്ളും. നമ്മേക്കുറിച്ചും, നമ്മുടെ ബന്ധുക്കളെപ്പറ്റിയും സഭയെ സംബന്ധിച്ചും ഒന്നും നാം ഒരു തരത്തിലും ആശങ്കപ്പെടേണ്ടതില്ല. അതെല്ലാം വേണ്ടവിധം ദൈവം നടത്തിക്കൊള്ളും. എന്തിലും ദൈവഹിതം നിറവേറട്ടെ

എന്നതായിരിക്കണം നമ്മുടെ പ്രാർത്ഥനയും സന്തോഷവും.

എന്നാൽ ഉറച്ച വിശ്വാസത്തിനും സമർപ്പണത്തിനും ഇടയിലും വിശ്വാസി സമൂഹം നിരന്തരമായ പ്രാർത്ഥനയിൽ ഉറ്റിരിക്കണമെന്നും നമ്മെ ഓർമ്മപ്പെടുത്തുന്നുണ്ട്. (അപ്പോ.പ്രവൃത്തി :12:12). ഉത്കണ്ഠപ്പെടുന്ന ഒരു സമൂഹത്തെക്കുറിച്ചല്ല; പത്രോസിന്റെ വിമോചനത്തിനുവേണ്ടി ദൈവീക ഇടപെടലിനായി ആഗ്രഹപൂർവ്വം, ഏകാഗ്രതയോടെ, നിരന്തരം പ്രാർത്ഥിക്കുന്ന ഒരു ജനസഞ്ചയത്തെപ്പറ്റിയാണ് നാം ഈ ഭാഗത്ത് വായിക്കുന്നത്. അതായത് ഒരു പ്രതിസന്ധിയിലും ഭഗ്നാശരാകാതെ പ്രശ്നങ്ങളെ സമചിത്തതയോടും പ്രത്യാശയോടും അഭിമുഖീകരിക്കുകയും ദൈവ നടത്തിപ്പിനായി മുട്ടിപ്പായി പ്രാർത്ഥിക്കുകയും ചെയ്യുന്ന വിശ്വാസ സമൂഹത്തെയും നേതൃത്വത്തെയുമാണ് നാം ഈ വേദഭാഗത്ത് ദർശിക്കുന്നത്.

സ്വന്തം ഭാവിയെപ്പറ്റി പരിഭ്രാന്തരാകാത്ത സഭാനേതൃത്വവും ദൈവിക ഇടപെടലിൽ ഉറപ്പുള്ള പ്രത്യാശരായ ജനവും ചേർന്നതായിരുന്നു ആദിമ ക്രിസ്തീയ സമൂഹം. ഇന്ന് സ്വന്തം സുരക്ഷിതത്വത്തെക്കുറിച്ചും നേട്ടങ്ങളെപ്പറ്റിയും മാത്രം കണക്കു കൂട്ടുന്ന നേതാക്കളും സഭയുടെ ദൗത്യത്തെക്കുറിച്ചും നേട്ടങ്ങളെക്കുറിച്ചും ചിന്തയൊ അവബോധമൊ ഇല്ലാത്ത സഭാംഗങ്ങളും വർദ്ധിച്ചുവരികയാണ്. ആദിമ ക്രിസ്ത്യാനികളുടെ ജീവിത മാതൃക ഇന്നത്തെ ക്രിസ്തീയ സഭയ്ക്ക് ഒരു ശക്തമായ വെല്ലുവിളി ആയിത്തീരേണ്ടതാണ്.

(2-ാം പേജിൽ നിന്ന് തുടർച്ച)

ചെയ്യാം. ഇടനിലക്കാരുടെ ചൂഷണവും വലിയതോതിൽ നടക്കുന്നു. പണമോഹികളും മദ്യപന്മാരുമായ ഭർത്താക്കന്മാർ തങ്ങളുടെ ഭാര്യമാരെ സരോഗസിക്ക് നിർബന്ധിക്കുകയും ചെയ്യും. അന്താരാഷ്ട്ര രംഗത്ത് രാജ്യത്തിന്റെ സത്പേരിന് കളങ്കം സംഭവിക്കുകയും ചെയ്യും. ഇക്കാരണങ്ങളെല്ലാം പരിഗണിച്ച് സരോഗസിയെ നിയന്ത്രിക്കേണ്ടത് ആവശ്യമായി വന്നു. അതിനു വേണ്ടി 'സരോഗസി റഗുലേഷൻ ബിൽ 2016' കഴിഞ്ഞ ഡിസംബർ 19 -ാം തിയതി ലോക് സഭയിൽ അവതരിപ്പിച്ച് പാസ്സാക്കി. കേന്ദ്ര ആരോഗ്യവകുപ്പുമന്ത്രി ജെ.പി. നദ്ദ അതിനെ ഒരു ചരിത്രസംഭവമെന്നു വിശേഷിപ്പിച്ചു.

സരോഗസിയെ വ്യവസായവൽക്കരിക്കുന്നതിനുള്ള സാധ്യത തടയുവാനും യഥാർത്ഥ ആവശ്യക്കാർക്ക് സന്താനലബ്ധിക്കുള്ള അവസരം ഉറപ്പാക്കുന്നതിനുമുള്ള വ്യവസ്ഥകളാണ് ഈ ബില്ലിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. നിയമപ്രകാരം വിവാഹിതരായ ശേഷം അഞ്ചുവർഷം പിന്നിട്ട, കുട്ടികളില്ലാത്ത ദമ്പതികൾക്കുമാത്രമേ സരോഗസിക്ക് അനുവാദമുള്ളൂ. അവർ വൈദ്യശാസ്ത്രപരമായി പ്രത്യുല്പാദനശേഷിയില്ലാത്തവരാണെന്ന് ഡോക്ടർ സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. 23 മുതൽ 50 വരെ വയസ്സുള്ള സ്ത്രീകളും 26 മുതൽ 55 വരെ പ്രായമുള്ള പുരുഷന്മാരും അടങ്ങുന്ന ദമ്പതികൾക്കു മാത്രമേ സരോഗസിക്കു യോഗ്യതയുള്ളൂ. വ്യവസായികമായ ചൂഷണം ഒഴിവാക്കുന്നതിനായി സ്വന്തം സഹോദരിയെയൊ, നാത്തൂനെയൊ (Sister or Sister in law) മാത്രമെ സരോഗേറ്റ് മദറായി ഉപയോഗിക്കാവൂ. അയാൾക്ക് ആരോഗ്യമുള്ള ഒരു സന്താനമെങ്കിലും നിലവിൽ ഉണ്ടായിരിക്കണം. ഒരു സ്ത്രീക്ക് ജീവിതത്തിൽ ഒരു പ്രാവശ്യം മാത്രമെ സരോഗസി അനുവദിക്കപ്പെടാവൂ. ഇൻഡ്യൻ പൗരന്മാർക്കു മാത്രമേ ഇൻഡ്യയിൽ സരോഗസി അനുവദിച്ചിട്ടുള്ളൂ. വിധവ, വിധുരൻ എന്നിലർക്ക് ഇതിന് അനുവാദമില്ല. ഒരേ ലിംഗ ദമ്പതികൾക്കും, കുട്ടികളുള്ള ദമ്പതികൾക്കും സരോഗസി പാടില്ല. ജമ്മു & കാഷ്മീർ ഒഴികെയുള്ള എല്ലാ ഇൻഡ്യൻ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും ഈ ബിൽ പാസാകുന്ന മുറയ്ക്ക് നാഷണൻ, സംസ്ഥാന സരോഗസി ബോർഡുകളും ഈ നിയമത്തിന്റെ കർശനമായ നടപ്പിലാക്കലിനുവേണ്ടി മൂന്നുമാസത്തിനകം രൂപീകരിക്കപ്പെടും.

സരോഗസി യുവതികൾക്ക്- പ്രത്യേകിച്ചും ധനികരും വിദ്യാസമ്പന്നരും. അല്ലാത്തവർക്ക്-പണം സമ്പാദിക്കുവാനുള്ള സദാചാരഭംഗമില്ലാത്ത മാർഗ്ഗമാണെന്നുള്ളത് വസ്തുതയാണ്. ഇന്ത്യ പോലെ സാമ്പത്തികഭദ്രതയിലെല്ലാത്ത രാജ്യങ്ങളിലെ ചെറുപ്പക്കാരായ സ്ത്രീകൾക്ക് വിദേശങ്ങളിൽ പോകാതെ തന്നെ ഗണ്യമായ തുക നേടാനുള്ള വഴി തുറന്നു തരുന്നു. നിയമം മൂലം ഇത് കൊട്ടിയടയ്ക്കുന്നത് ഇന്നത്തെ നിലയ്ക്ക് ബുദ്ധിപൂർവ്വകമല്ല എന്ന് ചിന്തിക്കുന്നവരുണ്ട്. ഏതായിരുന്നാലും സരോഗസി നിയമം പ്രാബല്യത്തിൽ വരുത്തുന്നതിന് മുമ്പ് പാവപ്പെട്ട സ്ത്രീകളുടെ വരുമാനത്തിൽ ഒരു കുതിപ്പ് കൈവരിക്കുവാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഫലപ്രദമായ നടപടികൾ എടുക്കേണ്ടത് ആവശ്യമാണ്. അല്ലാത്തപക്ഷം കുട്ടികളെ പോറ്റാൻ മാതാപിതാക്കൾക്കോ സർക്കാരിനോ കഴിയാത്ത സാഹചര്യത്തിൽ ബാലവേല നിരോധിച്ചതുപോലെയുള്ള നിസ്സഹായാവസ്ഥ വന്നുകൂടുവാൻ ഇടയുണ്ടെന്നോർക്കണം.

മാനേ. എഡിറ്റർ

ചിന്ത

മഴ

വചനം:- വി.യോഹ 14:19

ജോയി മേക്കോട്ടിൽ

"ഞാൻ ഇത്രയും കാലം നിങ്ങളോടുകൂടെ ഇരുന്നിട്ടും നീയെന്നെ അറിഞ്ഞില്ലയോ, ഫിലിപ്പോസേ?"

തായ്‌ലാണ്ടിൽ വളരെ പ്രസിദ്ധമായ, മണ്ണുകൊണ്ടുള്ള ഒരു ബുദ്ധപ്രതിമയുണ്ടായിരുന്നു. പതിനാലടിയായിരുന്നു അതിന്റെ ഉയരം. ഈ പ്രതിമ കാണുന്നതിനായി ദൂരെ നിന്നുപോലും സഞ്ചാരികളെത്തുമായിരുന്നു. നഗര സൗന്ദര്യവത്കരണത്തിന്റെ ഭാഗമായി തായ്‌ലാണ്ട് സർക്കാർ പുതിയൊരു വിഹാരം പണിതു. ഈ പ്രതിമ സുരക്ഷിതമായി അങ്ങോട്ടു മാറ്റുവാൻ തീരുമാനിക്കുന്നു. യാതൊരു ക്ഷതവുമേൽക്കാതെ ജോലിക്കാർ പ്രതിമ വണ്ടിയിൽ കയറ്റി. വാഹനം നഗരത്തിലേക്ക് എത്തിയപ്പോൾ ജനത്തിരക്കു കാരണം മുന്നോട്ടു നീങ്ങുവാൻ കഴിയാത്ത അവസ്ഥയായി. പെട്ടെന്ന് ആകാശം മേഘാവൃതമായി. മഴ തിമിർത്തുപെയ്യാൻ തുടങ്ങി. മൺപ്രതിമ മൂടാനുള്ള ജോലിക്കാരുടെ ശ്രമമൊക്കെ പാഴായിപ്പോയി. നിരാശരായ ജോലിക്കാർ മഴയൊക്കെ തോർന്ന് പ്രതിമയ്ക്ക് അരികെയെത്തിയപ്പോഴാണ് അവരും അത്ഭുതപ്പെട്ടുപോയത്. മഴയിൽ കുതിർന്ന ബുദ്ധ പ്രതിമയുടെ പുറമെയുള്ള മണ്ണടരുകൾ അടർന്ന് അകത്തുള്ള തിളക്കം പുറത്തുവന്നിരിക്കുന്നു. ഇത് വെറും ഒരു മൺപ്രതിമയല്ല സ്വർണ്ണ പ്രതിമയാണെന്നവർ തിരിച്ചറിയുന്നു. പിന്നീടാണതിന്റെ ചരിത്രം വെളിപ്പെടുന്നത്. വർഷങ്ങൾക്കുമുമ്പ് ബർമ്മയിലെ രാജാവ് തായ്‌ലാണ്ടിനെ യുദ്ധത്തിൽ കീഴ്പ്പെടുത്തി. ശത്രുക്കൾ തങ്ങൾക്കു വിലപ്പെട്ടതെല്ലാം കൊള്ളയടിക്കുമെന്ന് ഭയന്ന അക്കാലത്തെ ജനങ്ങൾ സ്വർണ്ണ പ്രതിമയുടെ പുറമെ മണ്ണു പൂശി അതിനെ വെറും മൺപ്രതിമയാക്കി മാറ്റുകയായിരുന്നത്രേ. ആ തലമുറ മുഴുവൻ യുദ്ധത്തിൽ കൊല്ലപ്പെട്ടപ്പോൾ തിരുത്തിക്കൊടുക്കാൻ പോലും ആരുമില്ലാതായ്പ്പോയി. അങ്ങനെ അതൊരു മൺപ്രതിമയായിത്തന്നെ ശേഷിച്ചു. പക്ഷേ അപ്രതീക്ഷിതമായ ഒരു മഴപെയ്ത്തിൽ ഉള്ളിലെ പൊന്ന് തെളിഞ്ഞു വരിക തന്നെ ചെയ്യുന്നു. ഒന്നും ആർക്കും ഏറെക്കാലം മറച്ച് വയ്ക്കാനാവില്ലല്ലോ?

വളരെ ചെറിയ പരിഭവങ്ങളേ ക്രിസ്തു തന്റെ ശിഷ്യർക്കു നേരെ പറഞ്ഞിട്ടുള്ളൂ. അതിലൊന്നാണ് യേശു ഫിലിപ്പോസിനോടു പറയുന്നത്. "ഞാൻ ഇത്രയും കാലം നിങ്ങളോടു കൂടെ ഇരുന്നിട്ടും നീയെന്നെ അറിഞ്ഞില്ലയോ ഫിലിപ്പോസേ?" എന്ന്! മൂന്ന് മൂന്നര വർഷം കൂടെ നടന്നിട്ടും കൂടെ നടന്നവനെ അറിയാതെ പോകുന്നു എന്ന സങ്കടം എത്രമേൽ അഗാധമാണ്! ഇന്ന് ജീവിതത്തിന്റെ സമസ്ത മേഖലകളിൽ നിന്നും ഇത്തരം നിലവിളികൾ ഉയരുന്നുണ്ട്. ഇതു തന്നെയാണ് നമ്മുടെ കാലത്തിന്റെയും അനന്തമായ സങ്കടങ്ങളിലൊന്ന്. ആരും ആരേയും ഒന്നിനേയും ആഴത്തിലറിയാതെ പോകുന്നു എന്നതു തന്നെ എല്ലാം ഉപരിതല സ്പർശിയാണ് കൂടെ രാപ്പാർത്തിട്ടും വീട്ടകങ്ങളിൽപ്പോലും പരസ്പരം അറിയാതെ പോകുന്ന നമ്മുടെ പ്രിയപ്പെട്ടവർ.

തിരക്കുപിടിച്ച ഈ കാലത്തിന്റെ ഗതിവേഗങ്ങൾക്കൊപ്പം ഓടിയെത്താനുള്ള ശ്രമത്തിൽ വീട് ഒരു താൽക്കാലിക ഷെൽട്ടർ മാത്രമായിപ്പോവുന്നുണ്ടോ? ഓടിത്തളർന്നെത്തുമ്പോൾ തല ചായ്ക്കാനൊരിടം. അതിനപ്പുറം പരസ്പരം ആഴത്തിലറിയാൻ നമുക്കാവുന്നില്ല. അകാലത്തിൽ ആത്മഹത്യ ചെയ്ത ഒരു മകളെക്കുറിച്ച് ഒരപ്പൻ പങ്കുവച്ച സങ്കടങ്ങളിൽ അവൾ കവിത എഴുതുമെന്ന് അവളുടെ മരണശേഷമാണത്രേ അറിഞ്ഞതെന്ന് പറയുന്നു. ഒരേ കൂരയ്ക്കു കീഴിൽ ഉണ്ടുറങ്ങിയിട്ടും സ്വന്തം മകളുടെ കൗതുകങ്ങളെന്തൊക്കെയെന്ന് മരണം വരെ അറിയാതെ പോകുന്ന അപ്പൻ! അതിന് കൂടെ പാർത്തതു കൊണ്ട് മാത്രമായില്ലല്ലോ. പിറന്നു വീണപ്പോൾ മുതൽ കൂടെത്തന്നെ കഴിഞ്ഞിട്ടും അപ്പന്റെ സ്നേഹ സാന്നിദ്ധ്യമറിയാതെ പോകുന്നതല്ലേ ധൂർത്ത പുത്രന്റെ എല്ലാ അലച്ചിലുകൾക്കും കാരണം. പക്ഷേ എത്ര ഇടറിപ്പോയാലും, കുതറിപ്പോയാലും സ്നേഹസാന്നിദ്ധ്യത്തോടെ ഒന്ന് തൊടാനായാൽ; കാത്തിരുന്നാൽ ഉള്ളിലെ കനിവ് തെളിഞ്ഞു വരുമെന്നു തന്നെ! ആരുടെ ഉള്ളിലാണ് നന്മയുടെ പ്രഭയില്ലാത്തത്? ഇല്ലെന്നു വിധിക്കുമ്പോൾ നമുക്ക് അവരെ ആഴത്തിൽ തൊടാനാവാതെ പോകുന്നുവെന്നു തന്നെയാണർത്ഥം.

സി.വി.ബാലകൃഷ്ണന്റെ ഒരു കഥയാണ്. ഒരു കിളിന്തു പെൺകുട്ടി ഇടനാഴിയിലൂടെ സ്കൂളിലേക്ക് പോകുകയാണ്. പെട്ടെന്നാണ് പൊന്തക്കാട്ടിൽ നിന്ന് കള്ളൻ ചാടി വീണ് അവളുടെ പുസ്തക സഞ്ചി കവർന്നത്. അയാൾ പുസ്തകം വലിച്ചെറിഞ്ഞു. അവളുടെ കുഞ്ഞുചോറ്റുപാത്രവുമായി പൊന്തയിലേക്ക് കയറി. അവൾ ഒന്നു ഭയന്നുവെങ്കിലും പുസ്തകമെല്ലാം വാരിയടുക്കി അയാളെ നോക്കി നിന്നു. അയാളാകട്ടെ ചോറ് ആർത്തിയോടെ കഴിയ്ക്കുകയാണ്, തെല്ലുനേരം കഴിഞ്ഞ് അവൾ പറഞ്ഞു 'ന്റെ ചോറ്റുപാത്രം താ അതില്ലാതെ ചെന്നാൽ അമ്മ കൊല്ലും.' ഇതു പറഞ്ഞിട്ടവൾ ചോദിച്ചു 'ഈ കൊച്ചു പാത്രത്തിലെ ചോറുണ്ടാൽ എങ്ങനെ വിശപ്പുമാറാനാ അല്ലെ?' ഇതു കേട്ടതും അയാൾ വാവിട്ടു കരഞ്ഞതും ഒപ്പമായിരുന്നു. അതെ ഒരു മഴ പെയ്ത്തിന്റെ സ്നേഹ സ്പർശത്തിൽ ആരുടെ ഉള്ളാണ് അലിഞ്ഞു പോകാത്തത്! ആരിലാണ് അലിഞ്ഞു തീരാത്ത മണ്ണടരുകളുള്ളത്. ആരിലുമുണ്ടാവില്ല. നമുക്കൊന്ന് മഴയായ് പെയ്യാൻ കഴിഞ്ഞാൽ മതി.!

മലങ്കര സഭാതർക്കം സംബന്ധിച്ച് കേരളത്തിലെ പൊതുസമൂഹം അറിഞ്ഞിരിക്കേണ്ട ചില സത്യങ്ങൾ

1. പുരാതനസഭ യാക്കോബായ സഭാണെന്നും, ഓർത്തഡോക്സ് സഭ 1912-ൽ മാത്രം ഉണ്ടായതാണെന്നുമുള്ള പ്രചാരണം സത്യവിരുദ്ധമാണ്. മാർതോമ്മാ ശ്ലീഹായാൽ A.D. ഒന്നാം നൂറ്റാണ്ടിൽ മലങ്കരയിൽ സ്ഥാപിതമായ നസ്രാണിസമൂഹത്തിന്റെ ഭാഗം തന്നെയാണ് ഇരുവരും. 17-ാം നൂറ്റാണ്ടിൽ ഇരുവരും ചേർന്നാണ് പടിഞ്ഞാറൻ സുറിയാനി (അഥവാ അന്ത്യോഖ്യൻ) ആരാധനാപരമ്പര്യം സ്വീകരിച്ചത്. 20-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ, ഭരണക്രമങ്ങളെ സംബന്ധിച്ചുണ്ടായ ചില തർക്കങ്ങളുടെ പേരിലാണ് ഓർത്തഡോക്സ്, പാത്രിയാർക്കീസ് വിഭാഗങ്ങൾ തമ്മിൽ വിഘടനം ആരംഭിച്ചത്. 1912-ൽ ഓർത്തഡോക്സ് സഭ, പൂർണ്ണസ്വാതന്ത്ര്യമുള്ള കാതോലിക്കേറ്റ് സ്ഥാപിച്ചു. അത് ഈ സഭയുടെ വളർച്ചയിലെ ഒരു നാഴികക്കല്ലു മാത്രമാണ്, ഒരു പുതിയസഭയുടെ രൂപീകരണമല്ല. 1958-ൽ ഇരുവിഭാഗവും പരസ്പരം സ്വീകരിച്ചു യോജിച്ചപ്പോൾ എല്ലാവരും 1934 ലെ ഭരണഘടനയെയും കാതോലിക്കേറ്റിനെയും അംഗീകരിച്ചു. അതിനു ശേഷം രണ്ടു വിഭാഗം പോലും ഇല്ലല്ലോ. 1974 ൽ മാത്രമാണ് വീണ്ടും വിഘടനം ആരംഭിച്ചത്. പിന്നെങ്ങനെഒരു വിഭാഗം മാത്രം പുരാതനസഭയെന്ന് അവകാശപ്പെടാൻ സാധിക്കും? ഒരു ഗ്രൂപ്പിന്റെ മാത്രം പാരമ്പര്യം ശരിയെന്നും, മറ്റേതിന്റേത് തെറ്റെന്നും എങ്ങനെ പറയാനാവും.?

2. സത്യവിശ്വാസം നിലനിർത്തുന്ന സഭകളെ ഓർത്തഡോക്സ് സഭകളെന്ന് നാമകരണം ചെയ്യുന്നത് ആദിമ നൂറ്റാണ്ടു മുതലുള്ള പതിവാണ്. എന്നാൽ ''യാക്കോബായ'' എന്ന പേര് 6-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന മാർ യാക്കോബ് ബുർദ്ദാന എന്ന സഭാപിതാവിന്റെ പേരിൽ നിന്ന് വന്നതാണ്. പത്രോസ് ശ്ലീഹായുടെ പാരമ്പര്യം അവകാശപ്പെടുന്നവക്ക് ''യാക്കോബായ'' എന്ന പേരു യോജിക്കുമോ? ആ പേര് അവർ സ്വീകരിക്കുന്നതിനാൽ ആ സഭയുണ്ടായത് 6-ാം നൂറ്റാണ്ടിൽ മാത്രമാണെന്ന് പറയാനാവുമൊ? ''യാക്കോബായക്കാർ'' എന്ന നാമം യാക്കോബ് ബുർദ്ദാനായുടെ പിൻഗാമികളെ മറ്റുള്ളവർ കളിയാക്കി വിളിച്ചിരുന്ന പേരാണെന്നത് നിഷേധിക്കാൻ കഴിയുന്നതല്ല.

3. ഓർത്തഡോക്സ് സഭ പള്ളികൾ പിടിച്ചെടുത്ത് അവിടെ നിന്ന് ഒരു വിഭാഗം ജനങ്ങളെ ആട്ടിപ്പുറത്താക്കാനോ, അവിടെ തികച്ചും വ്യത്യസ്തമായ പാരമ്പര്യങ്ങൾ സ്ഥാപിക്കുവാനോ അല്ല ആഗ്രഹിക്കുന്നത്. ഇരുവരുടെയും ആരാധനാകാര്യങ്ങൾ തമ്മിൽ യാതൊരു വ്യത്യാസവുമില്ലല്ലോ. ഭരണക്രമം മാത്രമാണ് 1934-ലെ ഭരണഘടനയ്ക്കനുസൃതമാക്കുവാൻ ശ്രമിക്കുന്നത്.

4. അപ്പസ്തോലന്മാരുടെ സംഘത്തിന്റെ പൊതുവിശ്വാസമാണ് അപ്പൊസ്തോലിക പാരമ്പര്യം എന്ന് എല്ലാ കിഴക്കൻ സഭകളും വിശ്വസിക്കുന്നു. ഈ വിശ്വാസത്തിൽ വ്യത്യാസമുണ്ട് എങ്കിൽ ഇരുവരും ഓറിയന്റൽ ഓർത്തഡോക്സ് കൂട്ടായ്മയുടെ അംഗങ്ങളായി തുടരാൻ സാധിക്കുന്നതെങ്ങനെ? വിശ്വാസത്തിൽ വ്യത്യാസമുണ്ടെന്ന പ്രചാരണം, പള്ളികളിൽ സമാന്തരഭരണം നിലനിർത്താനുള്ള ഒരു ഉപാധി മാത്രമാണ്.

5. അന്ത്യോഖ്യാ പാത്രിയർക്കീസ് പട്ടം കൊടുത്താൽ മാത്രമേ പട്ടത്തിന് വിലയുള്ളു എന്നും അദ്ദേഹം കൂദാശചെയ്യുന്ന വി.മൂറോൻ കൊണ്ട് അഭിഷേകം ചെയ്യപ്പെടുന്നവർക്കു മാത്രമേ രക്ഷ ലഭിക്കൂ എന്നും പറയുന്നത് സങ്കുചിതമനോഭാവത്തിന്റെ ബഹിർസ്ഫുരണമല്ലെ? 1958 മുതൽ 1974 വരെ ഒന്നായി യോജിച്ചുനിന്ന കാലത്ത് അന്ത്യോഖ്യാ പാത്രിയർക്കീസ്മാർ കൂദാശ ചെയ്ത മൂറോൻ ആണോ ഇവിടെ ഉപയോഗിച്ചിരുന്നത്? കക്ഷി ഭേദമന്യേ മലങ്കരസഭയിലുണ്ടായിരുന്ന വൈദികരും മേൽപ്പട്ടക്കാരും കൂദാശകൾ അനുഷ്ഠിക്കുകയും പട്ടം കൊടുക്കുകയും ചെയതിരുന്നല്ലോ. 1973-നു ശേഷം അവരെയെല്ലാം വീണ്ടും മാമ്മോദീസാ മുക്കുകയും, അവരുടെയെല്ലാം വിവാഹങ്ങൾ വീണ്ടും നടത്തുകയും, വൈദികർക്കു വീണ്ടും പട്ടം കൊടുക്കുകയും ചെയ്തുവൊ? ഒരു കാരണവശാലും ഇരുവിഭാഗവും തമ്മിൽ വീണ്ടും യോജിപ്പിലെത്താതിരിക്കാനുള്ള മുൻകരുതലല്ലേ ഈ പഠിപ്പിക്കൽ?

6. ഓർത്തഡോക്സ് സഭ ഒരു ചർച്ചയ്ക്കും തയ്യാറാകുന്നില്ല എന്നതാണ് മറ്റൊരു ആരോപണം. ഇപ്പോഴത്തെ ഈ കലഹം ആരംഭിച്ച കാലം മുതൽ (1973-1974) എത്രയോ ചർച്ചകളും സമവായ ശ്രമങ്ങളും നടന്നിരുന്നു. അതൊന്നും ഫലപ്രാപ്തിയിൽ എത്താതെ വന്നപ്പോഴല്ലെ കേസുകൾ ഊർജ്ജിതമായത്. വൈ.എം.സി.എ

യുടെ നേതൃത്വത്തിൽ ചർച്ചകൾ നടന്നു, വിജയിച്ചില്ല. ജസ്റ്റിസ് മളീമഠിന്റെ നിരീക്ഷണത്തിൽ സഭ മുഴുവന്റെയും അസോസിയേഷൻ യോഗം കൂടിയപ്പോൾ അതിൽ പങ്കെടുത്ത് പ്രശ്നം പരിഹരിക്കുവാൻ പാത്രിയർക്കീസ് വിഭാഗം സന്മനസ്സു കാണിച്ചില്ല. രണ്ടു മന്ത്രിസഭാ ഉപസമിതികൾ പ്രശ്ന പരിഹാരത്തിനു ശ്രമിച്ചു. സുപ്രീം കോടതിയുടെ വിധിപോലും അംഗീകരിക്കാത്തവരുമായി ചർച്ച ചെയ്തിട്ടു കാര്യമില്ല എന്നു ഞങ്ങൾ ചിന്തിക്കുന്നു.

7. ഇന്ന് ഓർത്തഡോക്സ് സഭ അവകാശവാദം ഉന്നയിക്കുന്ന എല്ലാ പള്ളികളിൽ നിന്നും സഭയുടെ വൈദികരെയും വിശ്വാസികളെയും നിഷ്കരുണം പുറത്താക്കിയിട്ടാണ് മുൻകാലങ്ങളിൽ പാത്രിയർക്കീസ് വിഭാഗം പള്ളികൾ കൈവശപ്പെടുത്തിയത്. കോതമംഗലം, പിറവം പള്ളികളിലെല്ലാം ഇതാണ് സംഭവിച്ചത്. ഓർത്തഡോക്സ് സഭ അനുഭവിക്കേണ്ടിവന്ന ആത്മനിന്ദയ്ക്കും അപമാനങ്ങൾക്കും അവഹേളനങ്ങൾക്കും, സമാനതകളില്ല. കോടതികളുടെ തീർപ്പുകൾ അംഗീകരിക്കാൻ കൂട്ടാക്കാത്തവർ എന്തിനു കേസു നടത്തി? 1995-ലെ സുപ്രീം കോടതിവിധിക്കു മുമ്പ് വാദം നടക്കുമ്പോൾ ജഡ്ജിമാർ ഇരുവിഭാഗങ്ങളോടും ചോദിച്ചു. ഈ പ്രശ്നം കോടതിക്കു പുറത്ത് ഏതെങ്കിലും സമിതിയിൽ തീർപ്പാക്കരുതോ എന്ന്. അന്ന് പാത്രിയർക്കീസ് വിഭാഗം പറഞ്ഞത്, തങ്ങൾക്ക് കോടതികളിൽ പൂർണ്ണ വിശ്വാസമുണ്ട് എന്നാണ്. എന്നിട്ട് വിധി വന്നപ്പോൾ അത് അനുസരിക്കാൻ കൂട്ടാക്കാത്തത് എന്തു ക്രിസ്തീയതയാണ്. കേസിൽ കക്ഷിയായിരുന്ന് സജീവമായി കേസ് നടത്തിയിട്ട്, അവസാനം വിധി വന്നപ്പോൾ അനുസരിക്കില്ലെന്ന് പറയുന്നത് ഇൻഡ്യൻ നീതിന്യായവ്യവസ്ഥയുടെ കീഴിൽ ജീവിക്കുന്ന പൗരന്മാർക്ക് യോജിച്ചതാണോ?

8. പള്ളികൾ വീതം വയ്ക്കാൻ ഓർത്തഡോക്സ് സഭ വിസമ്മതിക്കുന്നു എന്നത് ശരിയാണ്. കാരണം സഭ ഒരു ട്രസ്റ്റാണ് എന്നും, ട്രസ്റ്റിന്റെ സ്വത്തുക്കൾ വിഭജിച്ച് കുറേപ്പേർക്ക് കൊണ്ടുപോകാനാവില്ല എന്നും സുപ്രീം കോടതി വ്യക്തമാക്കിയിട്ടുണ്ട്. ചില കാര്യങ്ങൾ ഭൂരിപക്ഷമനുസരിച്ച് നിശ്ചയിക്കാനാവുമെങ്കിലും, എല്ലാ കാര്യങ്ങളും അപ്രകാരം ചെയ്യാനാവില്ല. കാശ്മീർ പ്രശ്നം പരിഹരിക്കാൻ അവിടെയുള്ള ജനങ്ങളുടെ ഹിതപരിശോധന നടത്തിയാൽ മതിയോ? 1934-ലെ ഭരണഘടന അനുസരിച്ച് ഭൂരിപക്ഷത്തിന് വലിയ പ്രാധാന്യമുണ്ട്. ഭരണം നടത്തേണ്ടത് ആരെന്ന് ഭൂരിപക്ഷാടിസ്ഥാനത്തിൽ വോട്ടിട്ട് നിശ്ചയിക്കാം. എന്നാൽ ഭരണക്രമം ഏതായിരിക്കണമെന്ന് വോട്ടിട്ട് നിശ്ചയിക്കാനുള്ളതല്ല. ഇടവകയിലെ വികാരിയെ തിരഞ്ഞെടുക്കാൻ ജനങ്ങൾക്ക് അവകാശമില്ല. വികാരിയെ അധികാരമുള്ളവർ നിയമിക്കും. വികാരിയുടെ നേതൃത്വത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന ഭരണസമിതിക്ക് ഭരണം നടത്താം. ഒരു പള്ളിയുടെയും സ്വത്ത് ആരും എടുത്തുകൊണ്ടുപോവുകയില്ല. ഒരു പള്ളിയിൽ നിന്നും ആരും ഇറങ്ങിപ്പോകേണ്ടിവരികയുമില്ല. ഭരണസംവിധാനം മാത്രമാണ് മാറുന്നത്.

9. 1934 ലെ സഭാഭരണഘടന 1958-ലും, 2017-ലും സുപ്രീം കോടതി അംഗീകരിച്ചിട്ടുള്ളതാണ്. അതനുസരിച്ച് മലങ്കരസഭയുടെ അധികാരമുള്ള ഭരണകർത്താവ് പരി.ബസോലിയോസ് മാർതോമ്മ പൗലൂസ് ദ്വിതീയൻ കാതോലിക്കാ ബാവയാണ്. പാത്രിയർക്കീസ് വിഭാഗം 2002 ൽ ഉണ്ടാക്കിയ ഭരണഘടന സുപ്രീംകോടതി തള്ളിക്കളഞ്ഞു.

10. 1934 ലെ സഭാഭരണഘടന അംഗീകരിച്ചാൽ കോട്ടയം കാതോലിക്കേറ്റ് ഓഫീസിലേക്ക് എല്ലാ സ്വത്തുക്കളും കൊണ്ടുപോകുമെന്ന പ്രചാരണം സത്യവിരുദ്ധമാണ്.

11. കോടതി വ്യവഹാരങ്ങളിലെല്ലാം പാത്രിയർക്കീസ് വിഭാഗത്തിന് തിരിച്ചടിയാകുന്നത് എന്തുകൊണ്ട് എന്ന് പൊതുസമൂഹം ചിന്തിക്കണം. 1958-ൽ കോടതി വിധിക്കു ശേഷം ഇരുവിഭാഗങ്ങളും യോജിച്ചത് 1934-ലെ ഭരണഘടന അനുസരിച്ച് സഭയും, പള്ളികളും ഭരിക്കപ്പെടണം എന്ന അടിസ്ഥാനത്തിന്മേലാണ്. അതിനു ശേഷം വീണ്ടും ഈ ഭരണഘടനയെ തളളിപ്പറയുന്നതിനാലാണ് വ്യവഹാരങ്ങളിൽ തോൽവി സംഭവിക്കുന്നത്.

12. ഇൻഡ്യൻ ഭരണഘടന വിഭാവനം ചെയ്യുന്ന മൗലികാവകാശങ്ങൾ അനുസരിച്ച് ഓരോ പൗരന്റെയും വിശ്വാസവും ആചാരാനുഷ്ഠാനങ്ങളും പ്രകാരം ആരാധിക്കുവാനുള്ള അവകാശം അവനുണ്ട്. അതിനു സംഘടനകൾ രൂപീകരിക്കുകയൊ പള്ളികൾ സ്ഥാപിക്കുകയോ ചെയ്യാം. അതിന് ആരും തടസ്സം നിൽക്കുകയില്ല. പക്ഷെ കേസിൽ ഉൾപ്പെട്ടിരിക്കുന്ന 1064 പള്ളികളും നിലവിലുള്ള ഭരണക്രമം അനുസരിച്ച് ഭരിക്കപ്പെടണമെന്ന് മാത്രമെ സുപ്രീം കോടതി പറഞ്ഞിട്ടുള്ളൂ.

13. അന്ത്യോഖ്യാ പാത്രിയർക്കീസിനെ ഓർത്തഡോക്സ് സഭ ബഹുമാനിക്കുന്നില്ല എന്ന വാദവും പൊള്ളയാണ്. 1934-ലെ ഭരണഘടനയിൽ പാത്രിയർക്കീസിന്

കോഴിപ്പിള്ളി സെന്റ് പീറ്റർ & സെന്റ് പോൾസ് പള്ളി വ്യവസ്ഥാപിത ഭരണത്തിലേക്ക്

കോഴിപ്പിള്ളി സെന്റ് പീറ്റർ & സെന്റ്പോൾസ് പള്ളി സംബന്ധിച്ച് കഴിഞ്ഞ 15 വർഷമായി എറണാകുളം I അഡീഷണൽ ജില്ലാകോടതിയിൽ നടന്നുവന്നിരുന്ന കേസിൽ (OS Nos 16/2004 & 6/2005) അന്തിമവിധി വന്നിരിക്കുകയാണ്. പള്ളിയിൽ ഭരണപരമായും സഭാപരമായും നിലനിന്നിരുന്ന എല്ലാ തർക്കങ്ങൾക്കും ഈ വിധിയോടെ നിയമപരിഹാരം ഉണ്ടായിരിക്കുന്നു. 1958-ലും 1995-ലും ഏറ്റവും അവസാനമായി 2017 ജൂലൈ 3 ലും ബഹു. സുപ്രീംകോടതിയിൽ നിന്ന് ഉണ്ടായ വിധികളിലൂടെ മലങ്കരസഭയ്ക്ക് മുഴുവനും ബാധകമാക്കിയ 1934-ലെ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭാ ഭരണഘടന ഈ പള്ളിക്കും ബാധകമാണെന്നും ആ ഭരണഘടനയനുസരിച്ചുള്ള തിരഞ്ഞെടുപ്പുകൾക്കും നിയമനങ്ങൾക്കും മാത്രമേ സാധുത ഉള്ളൂ എന്നുമാണ് കോടതി വിധിച്ചിരിക്കുന്നത്. ഈ കോടതിവിധിയിലെ ഡിക്രി വാചകങ്ങൾ ചുവടെ ചേർക്കുന്നു.

In the result, OS 16/2004 is decreed as follows:

It is declared that Dl church is to be governed and administered in accordance with the 1934 Constitution of Malankara Church. D2 and D3 are directed to be removed from the post of trustees of Dl church by a mandatory injunction. D4 is directed by a mandatory injunction to call for an immediate pothuyogam of Dl church and conduct elections to its managing committee and posts of trustees in accordance with the 1934 constitution. The pothuyogam shall be convened within a month from the date of this judgment. Till then, the present managing committee and trustees shall continue but they shall not only attend the day to day affairs of the. church. D2 and D3 their men, agents or anybody claimed under them are restrained by a perpetual injunction from causing any obstruction to D4 or any vicar appointed by the Diocesan Metropolitan under the 1934 constitution from discharging their duties as the Vicars of the church. They are also restrained from causing any obstruction to D4 in bringing any other vicar or priests appointed under the 1934 constitution of Malankara sabha into Dl church and its four Chappels.

O.S. 6/2005 is also decreed with costs restraining D2 and D3 from proceeding with construction of any building in the property of Dl church using its funds and also from doing anything on behalf of church without the sanction of the general body

Dictated to the Confidential Asst. transcribed and typed by her corrected and pronounced by me in open court, on this the 3 life day of January, 2019

Sd./-
Biju Menon K.
(I Addl. District Judge)

മുകളിൽ പറഞ്ഞിരിക്കുന്ന വിധിവാചകങ്ങളെ മലയാളത്തിൽ ഇങ്ങനെ സംഗ്രഹിക്കാം.

1. കോഴിപ്പിള്ളി സെന്റ് പീറ്റർ & സെന്റ് പോൾസ് പള്ളി മലങ്കരസഭയുടെ 1934-ലെ ഭരണഘടന

നൽകിയിരിക്കുന്ന എല്ലാ സ്ഥാനമാനങ്ങളും നൽകുവാൻ സഭ തയ്യാറാണ്. അന്ത്യോ ക്യാ പാത്രിയർക്കീസിന്റെ പേര് ഇപ്പോഴും വി.കുർബാനയിൽ സഭ ഓർത്തുകൊണ്ടാണിരിക്കുന്നത്.

14. ഈ പ്രശ്നത്തിൽ ഓർത്തഡോക്സ് സഭ സഹിക്കേണ്ടിവന്ന അക്രമങ്ങൾക്ക് സമാനതകളില്ല. അക്രമങ്ങളെയൊന്നും പ്രത്യാക്രമണങ്ങൾകൊണ്ടു നേരിടാതെ നിയമത്തിന്റെ മാർഗ്ഗം സ്വീകരിക്കുക മാത്രമാണ് സഭ ചെയ്തിട്ടുള്ളത്. ഓർത്തഡോക്സ് സഭ എന്നും ആക്രമിക്കപ്പെട്ടിട്ടേയുള്ളൂ. പാത്രിയർക്കീസ് വിഭാഗം ചെയ്തുകൂട്ടിയ അതിക്രമങ്ങളും, ലംഘനങ്ങളും എണ്ണമറ്റതാണ്. എന്നിട്ടും ഓർത്തഡോക്സ് സഭ ക്ഷമാശീലം കാണിക്കുന്നില്ല എന്ന ആരോപണം അടിസ്ഥാന രഹിതമാണ്.

പബ്ളിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്
മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

ദേവലോകം, കോട്ടയം,

RNI No. KERMAL/2012/46014 | Date of Publication 15-02-2019 | Licence No. KL/CR/ALU/WPP-02/2019-21
Registered. Reg. No. KL/ALY/0067/2019-2021 | Price Rs. 10/- | Licensed to Post Without Pre-payment

KANDANAD DIOCESAN BULLETIN

അനുസരിച്ച് ഭരിക്കപ്പെടേണ്ടതും നിയന്ത്രിക്കപ്പെടേണ്ടതുമാണ്.

2. ഇപ്പോൾ പള്ളിയിൽ ട്രസ്റ്റിമാരും മാനേജിംഗ് കമ്മിറ്റിയംഗങ്ങളുമായി പ്രവർത്തിക്കുന്നവരെ തല്സ്ഥാനങ്ങളിൽ നിന്ന് നീക്കുന്നു. അതോടൊപ്പം അവർക്ക് നിരോധനം ഏർപ്പെടുത്തുകയും ചെയ്യുന്നു.

3. 1934-ലെ ഭരണഘടന അനുസരിച്ച് പള്ളിമാനേജിംഗ് കമ്മിറ്റിയംഗങ്ങളേയും, ട്രസ്റ്റിമാരേയും തിരഞ്ഞെടുക്കുന്നതിലേക്ക് ഒരു അടിയന്തര പൊതുയോഗം വിളിച്ചുചേർക്കാൻ പള്ളിവികാരി ഫാ. മാത്യൂസ് ചെമ്മനാപ്പാടത്തിന് കോടതി നിർദ്ദേശം നൽകുന്നു.

4. ഈ വിധിപ്രസ്താവം വന്ന അന്നു മുതൽ ഒരു മാസത്തിനകം പൊതുയോഗം വിളിച്ചു ചേർക്കേണ്ടതാണ്. അതുവരെയും ഇപ്പോഴത്തെ ട്രസ്റ്റിമാർക്കും കമ്മിറ്റിയംഗങ്ങൾക്കും പള്ളിയുടെ ദൈനംദിന കാര്യങ്ങൾ നിർവ്വഹിക്കാൻ മാത്രമായി തല്സ്ഥാനങ്ങളിൽ തുടരാവുന്നതാണ്.

5. 1934-ല ഭണഘടന അനുസരിച്ച് നിയമിക്കപ്പെട്ടിരിക്കുന്ന പള്ളി വികാരിയുടെ ചുമതതല നിർവ്വഹക്കുന്നതിൽ നിന്ന് ഇപ്പോൾ ട്രസ്റ്റിമാരായി പ്രവർത്തിക്കുന്നവരേയും അവരുടെ ആളുകളെയും ശാശ്വതമായി നിരോധിച്ചിരിക്കുന്നു.

6. പള്ളിയിലും പള്ളിയുടെ നാല് ചാപ്പലുകളിലും ഇടവക മെത്രാപ്പോലീത്തായാൽ 1934-ലെ ഭരണഘടന അനുസരിച്ച് നിയമിക്കപ്പെടുന്ന വൈദീകരെ പ്രവേശിപ്പിച്ച് വികാരിക്ക് അടുത്ത ചുമതലകളും വൈദീകർക്കടുത്ത ഉത്തരവാദിത്തങ്ങളും വികാരി (D4) നിർവ്വഹിപ്പിക്കുന്നതിൽ തടസ്സം സൃഷ്ടിക്കുന്നതിൽ നിന്ന് നിലവിലുള്ള ട്രസ്റ്റികളെയും അവരുടെ ആൾക്കാരേയും കോടതി ശാശ്വതമായി നിരോധിച്ചിരിക്കന്നു.

7. കേസ്സിലെ രണ്ടും മൂന്നും പ്രതികളായ ട്രസ്റ്റിമാർ പൊതുയോഗത്തിന്റെ അനുമതിയില്ലാതെ പള്ളിയുടെ വസ്തുവിൽ പള്ളിയുടെ പണം ഉപയോഗിച്ച് എന്തെങ്കിലും നിർമ്മാണ പ്രവത്തനമോ മറ്റെന്തെങ്കിലുമോ നടത്തുന്നതും നിരോധിച്ചിരിക്കുന്നു.

പുസ്തകം പ്രകാശനം ചെയ്തു

ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ 'സുപ്രീംകോടതിവിധി വിഭജനത്തിനല്ല; ഐക്യത്തിന്' എന്ന പുതിയ പുസ്തകം 2018 ഡിസംബർ 31 ന് പ്രകാശനം ചെയ്തു. ഇത് സംബന്ധിച്ച് അന്ന് 3 pm. ന് മൂവാറ്റുപുഴ സെന്റ്തോമസ് കത്തീഡ്രലിൽ ചേർന്ന സമ്മേളനത്തിൽ അഭി. തിരുമേനി അദ്ധ്യക്ഷത വഹിച്ചു. അദ്ധ്യക്ഷപ്രസംഗത്തിൽ അദ്ദേഹം പുസ്തക രചനയുടെ പശ്ചാത്തലം വിശദമാക്കി. പ്രൊഫ. ഡോ. എം.പി. മത്തായി പുസ്തകത്തിന്റെ പ്രകാശന കർമ്മം നിർവ്വഹിച്ചു. രാജ്യത്തെ പരമോന്നത കോടതി ആഗ്രഹിക്കുന്നത് സഭയുടെ ഐക്യമാണെന്നും അത് ലക്ഷ്യമാക്കിയുള്ള ഒരു വിധിയാണ് കോടതിയിൽ നിന്നുണ്ടായിരിക്കുന്നതെന്നും മലങ്കരസഭയ്ക്ക് അതിന്റെ ഇന്നത്തെ പ്രതിസന്ധി തരണം ചെയ്യുവാൻ ക്രിസ്തീയമായ മാർഗ്ഗം അതാണെന്നും അദ്ദേഹം പ്രസ്താവിച്ചു. കണ്ടനാട് ഈസ്റ്റ് ഭദ്രാസന സെക്രട്ടറി ഫാ. എബ്രഹാം കാരാമ്മേൽ പുസ്തകം അവലോകനം ചെയ്ത് സദസ്സിന് പരിചയപ്പെടുത്തി.

ഗിലയാദ് മരിയൻ ഓർഫനേജ് & റീട്രീറ്റ് സെന്റർ
വടകര, കൂത്താട്ടുകുളം,
Ph: 9961636342, 9446450231

വി. കുർബ്ബാനാനുഭവ ധ്യാനം : ശനി 8 a.m. to 12.30 p.m.
മദ്ധ്യസ്ഥപ്രാർത്ഥന : ബുധൻ, വെള്ളി ദിവസങ്ങളിൽ 9 a.m. to 1.00 p.m.
ഞായർ വി. കുർബ്ബാന : 6.30 a.m. to 8.30 a.m.

വയോഭവനിൽ സൗജന്യമായും അല്ലാതെയും താമസസൗകര്യം ലഭ്യമാണ്.

അറിയിപ്പ്

ഒരു വർഷത്തേയ്ക്ക് വരിസംഖ്യ അടച്ചിട്ടുള്ള ബഹുഭൂരിഭാഗം പേരുടെയും വരിസംഖ്യാ കാലാവധി കഴിഞ്ഞിരിക്കുകയാണ്. ദയവായി അത് പുതുക്കുക. 1000 രൂപ അടച്ച് ആയുഷ്ക്കാല വായനക്കാരാകുവാൻ ശ്രമിക്കുക.

ബുള്ളറ്റിൻ വരിസംഖ്യ നിരക്ക്

1 വർഷത്തേക്ക്	-	100 രൂ.
ആയുഷ്ക്കാലം	-	1000 രൂ.
വിദേശത്ത്	-	6000 രൂ.

Printed and published by Fr. Abraham Karamel, Secretary, Kandanad East Diocese, Bishop's House, Muvattupuzha - 686 661, Ph: 0485 2832401
Managing Editor : P.J. Varghese Ph: 0485 2253209, Printed at St. George Press, Muvattupuzha